വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
ജൂൺ

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## കയർ വില പുനർനിർണ്ണയിക്കുന്നതിന് സമിതി രൂപീകരിച്ചു

# ലോകത്തിനു മാതൃകയായ വികസന മുന്നേറ്റം

കേരളത്തിന്റെ വികസന നേട്ടങ്ങളെപ്പറ്റി മുഖ്യമന്ത്രി


ഒരു വീട്ടിൽ
ഒരു കയർ ഉൽപന്നം
ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം
Coirfed
ഈ ഓണം
കയർഫെഡിനൊപ്പം
ആഘോഷിക്കൂ!
ഓഗസ്റ്റ് 8 മുതൽ സെപ്റ്റംബർ 30 വരെ
കയർഫെഡ്
മെത്തകൾക്ക്
20%
50%
ഡിസ്കൗണ്ട്
Coirfed Deep Sleep
Coco Pot
Mattings
Coir Pith Briquette
Tiles
Cocofert
THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679, P.B.No.4616, Alappuzha,Kerala,
India Tel: +91 477 2243627, 2243628, 2243629 Email: coirfedho@gmail.com, mdcoirfed@gmail.com, Website: www.coirfed.com

# കയർ വ്യവസായം

# ഉള്ളടക്കം

**Vol-5, No.- 11**

Established in 1998

Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**K.S. Vinaya Kumar**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




**PAGE 10**



**നിക്ഷേപ സൗഹൃദ കേരളം: കേരളത്തിലേക്ക് എത്തിയത്, 4071 കോടിയുടെ നിക്ഷേപം**

**PAGE 20**



**കയർഫെഡ് പരിസ്ഥിതി ദിനാഘോഷം നടത്തി**

**PAGE 24**



**ആദ്യ കാല കയർ സംഘങ്ങളിലൂടെ: ഇരിങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം നം. 249**

**PAGE 32**



**ലോക കേരള സഭാ വാർത്തകൾ: പാരസ്പര്യത്തിന്റെ കരുത്തുമായി പിറന്ന മണ്ണും പ്രവാസിയും**

**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

**കയർ വ്യവസായം**

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29








# എഡിറ്റോറിയൽ

എഡിറ്റോറിയൽ

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# ലോകത്തിനു മാതൃകയായ വികസന മുന്നേറ്റം

ലോകത്തിനു മാതൃകയായ വികസന മുന്നേറ്റം

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**2016**ലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം കേരളത്തിനുണ്ടായ മാറ്റങ്ങൾ ആരും സമ്മതിക്കുന്നതാണ്. സമഗ്രവും സർവതല സ്പർശിയും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം സാധ്യമാക്കുമെന്നു പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയാണു സർക്കാർ അധികാരത്തിലെത്തിയത്. അക്കാര്യം അതേരീതിയിൽ നടപ്പാക്കുന്നതിന് ഒട്ടേറെ തടസങ്ങളും പ്രയാസങ്ങളും പ്രതിബന്ധങ്ങളും പ്രതിസന്ധികളും നേരിടേണ്ടതായിവന്നു. ഓഖി, പ്രളയം, നിപ, കാലവർഷക്കെടുതികൾ, കോവിഡ് മഹാമാരി തുടങ്ങി ഇടവേള കിട്ടാതെ പ്രതിസന്ധികളെ അഭിമുഖീകരിച്ച നാളുകളായിരുന്നു കഴിഞ്ഞ ആറു വർഷം. പ്രതിസന്ധികൾ ഒന്നിനുപുറകേ ഒന്നായി വന്നപ്പോൾ തലയിൽ കൈവച്ചു നിലവിളിച്ചിരിക്കുകയല്ല കേരളം ചെയ്തത്.അവയെ തരണം ചെയ്യാൻ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാൻ ഒരുമയോടെ കേരളം നടത്തിയ പ്രവർത്തനങ്ങൾ വലിയ താത്പര്യത്തോടെയാണു ലോകം നോക്കിക്കണ്ടത്.

2016ലെ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യ സുരക്ഷാപെൻഷൻ തുക 18 മാസം കുടിശികയായിരുന്നു. ആ തുക കിട്ടി കണ്ണടയുമോയെന്ന ആശങ്കയിലായിരുന്നു പാവങ്ങൾ. കുടിശിക തീർത്തെന്നു മാത്രമല്ല, 600 രൂപയായിരുന്ന പെൻഷൻ തുക 1600 രൂപയായി. 25 ലക്ഷം പേർ കൂടുതലായി പെൻഷൻ വാങ്ങാൻ തുടങ്ങി. 32034 കോടി രൂപ പെൻഷൻ ഇനത്തിൽ വിതരണം നടത്തി. പൊതുവിതരണ മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 10,697 കോടി രൂപ ചെലവാക്കി. മാവേലി സ്റ്റോറുകളിലൂടെ നൽകുന്ന 13 ഇനം ഭക്ഷ്യസാധനങ്ങൾ 2016ലെ വിലയ്ക്കാണ് ഇപ്പോഴും നൽകുന്നത്. വിലക്കയറ്റം തടയാൻ ഏറ്റവും ഫലപ്രദമായി വിപണിയിൽ ഇടപെടുന്ന സംസ്ഥാനമാണു കേരളം. രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റം അനുഭവപ്പെടുന്നതും ഇവിടെയാണ്. രണ്ടു വർഷത്തെ കണക്കുമാത്രമെടുത്താൽ 9,702 കോടി രൂപയാണു വിലക്കയറ്റം പിടിച്ചു




നിർത്താൻ മാത്രം ചെലവാക്കിയത്. സംസ്ഥാനത്ത് 87,01,000 റേഷൻ കാർഡുകളാണു നേരത്തേ ഉണ്ടായിരുന്നത്. ഇത് 89,80,000 ആക്കി ഉയർത്തി. 876 ജനകീയ ഹോട്ടലുകൾ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്.

ദുരിതാശ്വാസ നിധിയിൽനിന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5432 കോടി രൂപ ചെലവാക്കി. 3729 കോടി പ്രളയ ദുരിതാശ്വാസവും 1703 കോടി പ്രളയേതര ദുരിതാശ്വാസത്തിനുമാണു ചെലവാക്കിയത്. 2021 ഫെബ്രുവരി വരെയുള്ള കണക്കു പ്രകാരം 6,58,998 പേർക്കു ദുരിതാശ്വാസ നിധിയിലൂടെ സംസ്ഥാനത്തു സഹായം ലഭിച്ചു. ലൈഫ് ഭവന പദ്ധതിയിൽ 2,51,684 വീടുകൾ കഴിഞ്ഞ സർക്കാർ നിർമിച്ചു. ഇപ്പോഴത്തെ സർക്കാർ അധികാരത്തിലെത്തി ഒരു വർഷം കൊണ്ടു നിർമിച്ച വീടുകൾകൂടി ചേരുമ്പോൾ ഇത് 2,95,006 ആകും. ഇത് മൂന്നു ലക്ഷത്തോടടുക്കുകയാണ്. വീട് നിർമിക്കുന്നതിനു നേരത്തേ നൽകിയിരുന്ന 2.5 ലക്ഷം രൂപ നാലു ലക്ഷമാക്കി ഉയർത്തി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,76,000 പട്ടയങ്ങൾ വിതരണം ചെയ്തു. ഒരു വർഷംകൊണ്ട് 54,535 പട്ടയങ്ങൾകൂടി വിതരണം ചെയ്യാൻ കഴിഞ്ഞു. ഒരു വർഷംകൊണ്ട് ഇത്രയും പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതു മാതൃകാപരമാണ്. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 2,23,000 ഹെക്ടർ നെൽകൃഷി ചെയ്തു. നെല്ല് ഉത്പാദനത്തിലും വലിയ വർധനവുണ്ടായി. പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തതയോടടുത്തുനിൽക്കുകയാണ്. കോഴിമുട്ടയടക്കം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് ഉടൻ അറുതിവരുത്താനാകും.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല അഭൂതപൂർവമാംവിധം ശാക്തീകരിക്കപ്പെട്ടു. ആറു വർഷം മുൻപ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അഞ്ചു ലക്ഷം കുട്ടികളുടെ കുറവായിരുന്നു. 2000 ഓളം സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ച നിലയിലായിരുന്നു. അവിടെനിന്നാണു മാറ്റമുണ്ടായത്. 2016 മുതലുള്ള ആറു വർഷംകൊണ്ടു 10 ലക്ഷത്തോളം കുട്ടികളുടെ വർധന പൊതുവിദ്യാലയങ്ങളിലുണ്ടായി. കോവിഡ് കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസം യാഥാർഥ്യമാക്കാൻ വലിയ ഇടപെടലാണു കേരളം നടത്തിയത്. ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ കോവിഡിനു മുൻപു തന്നെ വിജയകരമായി സർക്കാർ നടപ്പാക്കിത്തുടങ്ങിയിരുന്നു. 1,19,054 ലാപ്ടോപ്പുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തു വിതരണം ചെയ്തു. അഞ്ചു വർഷം കൊണ്ട് ഈ രംഗത്ത് 20,800 കോടി രൂപ ചെലവാക്കി. പാഠപുസ്തകത്തിനു വേണ്ടി വിദ്യാർഥികൾ നട്ടം തിരിയുന്ന ഒരു കാലം മുൻപു കേരളത്തിലുണ്ടായിരുന്നു. ആറു മാസത്തോളം പാഠപുസ്തകം ലഭിക്കാത്ത അവസ്ഥയായിരുന്നു അന്ന്. ഇപ്പോൾ അധ്യയന വർഷം തുടങ്ങുംമുൻപേ പാഠപുസ്തകങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. നാടിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിൽ വിദ്യാർഥികളുടെ സ്ഥാനം വലുതാണ്. അവരുടെ വിദ്യാഭ്യാസത്തിന് ഒരു മുടക്കവുമുണ്ടാകരുത്.

വൈദ്യുതി മേഖലയിൽ മികച്ച പുരോഗതിയുണ്ടാക്കാൻ സർക്കാരിനു കഴിഞ്ഞു. സമ്പൂർണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളമെത്തിക്കാൻ നടപടികൾ സ്വീകരിച്ചു. ജൽവീജൻ മിഷൻ 2024ഓടെ പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണു മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ 67,15,000 ഗ്രാമീണ വീടുകളിൽ 202021ൽ 21,64,000 ഇടത്ത് കുടിവെള്ള കണക്ഷനുകൾ നൽകി. ഈ വർഷം 25,50,000 കണക്ഷനുകൾ നൽകാനുള്ള നടപടികൾ മുന്നോട്ടുപോകുന്നു.

11580 കിലോമീറ്റർ റോഡ് നവീകരണം പൂർത്തിയാക്കി. 10 ജില്ലകളിൽ 443 കിലോമീറ്റർ റോഡുകൾ ഏഴു വർഷത്തേക്ക് ഒരുമിച്ചു പരിപാലനത്തിനു കരാർ നൽകി. 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിരുന്നു. രണ്ടാം ഘട്ടത്തിൽ 504 എണ്ണം നിശ്ചയിച്ചതിൽ 369ന്റെ നിർമാണം പൂർത്തിയാക്കി. 135 ഇടത്ത് നിർമാണം അതിവേഗം പുരോഗമിക്കുന്നു. കോവിഡ് മഹാമാരിക്ക് ഒരു ഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങളെ കവച്ചുവയ്ക്കാനായില്ല.

സംസ്ഥാനത്തെ 661 തദ്ദേശ സ്ഥാപനങ്ങൾ സമ്പൂർണ ശുചിത്വ പദവി നേടി. ഉറവിട മാലിന്യ സംസ്കരണ സംവിധാനമുള്ള പഞ്ചായത്തുകളുടെ എണ്ണത്തിലും വലിയ പുരോഗതിയുണ്ടായി. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 1,57,911 നിയമനങ്ങൾ നടത്തി. 2021 മേയ് 21 മുതൽ കഴിഞ്ഞ ഏപ്രിൽ 30 വരെ 22,345 പേർക്കു നിയമന ശുപാർശ നൽകി. ചെറുപ്പക്കാർ വിദ്യാർഥികൾ തുടങ്ങിയവർ തൊഴിൽ തേടുന്നവർ മാത്രമല്ല, തൊഴിൽ ദാതാക്കളുമായി മാറുന്ന കാഴ്ചയാണ് ഇന്നു നാട്ടിൽ. സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമായി കേരളം മാറി. അഞ്ചു വർഷംകൊണ്ട് 3900 സ്റ്റാർട്ടപ്പുകളുണ്ടായി. ഈ വർഷം 850 സ്റ്റാർട്ടപ്പുകൾ കൂടി ആരംഭിച്ചു. സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ രൂപം നൽകിയ ഏഞ്ചൽ ഫണ്ടിലെ 10.5 കോടി രൂപയും വിനിയോഗിച്ചു. ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ 29 ലക്ഷം ചതുരശ്ര അടി സ്ഥലം പുതുതായി നിർമിച്ചു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ അഞ്ചു വർഷംകൊണ്ട് 1,40,000 സംരംഭങ്ങളുണ്ടായി. കഴിഞ്ഞ ഒരു വർഷംകൊണ്ട് 14,403 പുതിയ സംരംഭങ്ങൾ തുടങ്ങി. 3247 എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചു 373 കോടിയുടെ നിക്ഷേപം പുതുതായി ഈ വർഷം വന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ അംഗത്വം 45 ലക്ഷമായിരുന്നു. ഇപ്പോൾ അത് 45,85,000 ആയി. പ്രവാസി ക്ഷേമനിധി പദ്ധതിയിലെ അംഗത്വം 5,06,000 ൽനിന്ന് ഏഴു ലക്ഷ



മാക്കി ഉയർത്താൻ കഴിഞ്ഞു.

ടെക്നോപാർക്കിൽ രണ്ടു ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 105 കോടി കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമിക്കുന്നതിനു നടപടി തുടങ്ങി. കൊച്ചി ഇൻഫോപാർക്കിന്റെ ഒന്ന്, രണ്ട് പദ്ധതി പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് 57,250 ചതുരശ്ര അടി പ്ലഗ് ആൻഡ് പ്ലേ ഐടി സ്പേസിന്റെ നിർമാണം പൂർത്തിയാക്കി. ഗെയിൽ പൈപ്പ് ലൈൻ യാഥാർഥ്യമാക്കിയതു വഴി കൊച്ചി നഗരത്തിലെ 8864 വീടുകളിൽ പാചകവാതകം എത്തിക്കാനായി. 13,500ലധികം വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുമൊരുങ്ങി. ഇപ്പോഴുള്ള ഗാർഹിക പാചക വാതക ഇന്ധനത്തേക്കാൾ 30 ശതമാനത്തിന്റെ വിലക്കുറവുണ്ടാക്കുന്നതാണിത്. സംസ്ഥാനത്തെ മറ്റു ജില്ലകളിലും കാലതാമസമില്ലാതെ സിറ്റി ഗ്യാസ് കണക്ഷൻ ഉറപ്പാക്കാൻ നടപടിയെടുക്കും.

തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 13 ലക്ഷത്തിൽനിന്ന് 15 ലക്ഷമായി ഉയർത്തുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ ഒരു വർഷംകൊണ്ട് 16,45,000 കുടുംബങ്ങൾ ഇപ്പോൾ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിലെടുക്കുന്നവരായി. 18,99,000 വ്യക്തികൾ ഇന്നു പദ്ധതിയുടെ ഭാഗമാണ്. കോവളം ബേക്കൽ 616 കിലോമീറ്റർ ജലപാത യാഥാർഥ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കനോലി കനാലിന്റെ പുനരുജ്ജീവന പദ്ധതിക്കു തുടക്കം കുറിച്ചു. കൊച്ചി വാട്ടർ മെട്രോ കേരളത്തിന്റെ ടൂറിസം, ഗതാഗത മേഖലയിൽ വലിയ മാറ്റമുണ്ടാക്കും.

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് സംസ്ഥാനത്തെ പൊതുമേഖലാ സംരക്ഷണത്തിന്റെ മകുടോദാഹരണമായിമാറി. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സംസ്ഥാന സർക്കാർ ലേലത്തിൽ സ്വന്തമാക്കുകയായിരുന്നു. 145 കോടിയുടെ ബാധ്യത തീർത്താണു സ്വന്തം പേപ്പർ നിർമാണ കമ്പനിക്കു സർക്കാർ രൂപം നൽകിയത് നാലു ഘട്ടങ്ങളായി ഇതിന്റെ വികസനം പൂർത്തിയാക്കും. 3200 കോടി വിറ്റുവരവുള്ള സ്ഥാപനമായിഇതിനെ മാറ്റും.

തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതി 5235 കോടി ചെലവിൽ പൂർത്തിയാക്കും. ടെൻഡർ നടപടികൾ വരുന്ന നവംബറിൽ പൂർത്തിയാക്കി റോഡ് നിർമാണം ആരംഭിക്കും. കേന്ദ്ര, സംസ്ഥാന വിഹിതമുപയോഗിച്ചു നിർമിക്കുന്ന പദ്ധതിയിൽ സംസ്ഥാന വിഹിതം 1040 കോടിയാണ്. റോഡിനൊപ്പം അനുബന്ധ വികസന പദ്ധതികളും വിഭാവനം ചെയ്യുന്ന പദ്ധതി തലസ്ഥാന നഗരിയുടെ മുഖഛായ മാറ്റും.

മഴുപ്പിലങ്ങാടി ബീച്ച് നവീകരണത്തിനുള്ള 61 കോടിയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടുത്തെ പഞ്ചനക്ഷത്ര ഹോട്ടൽ നിർമാണം 2023ൽ പൂർത്തിയാക്കും. ഒരു വർഷത്തിനകം 125 കി.മീ. ദേശീയ പാത വികസനം പൂർത്തിയാക്കും. പാലങ്ങൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, ബൈപാസ് തുടങ്ങിയ പദ്ധതികളുടെ നിർമാണവും ഇതിനൊപ്പം നടക്കും. നിലേശ്വരം റെയിൽ ഓവർ ബ്രിഡ്ജ്, പാലൊളി പാലം, തലശേരി മാഹി ബൈപാസ്, കഴക്കൂട്ടം കാരോട് ബൈപാസ്, കഴക്കൂട്ടം ഫ്ളൈ ഓവർ, കുതിരാൻ തുരങ്കം തുടങ്ങിയവ ഉടൻ പൂർത്തിയാക്കും. ആക്കുളം തടാകത്തിന്റെ പുനരുജീവനം പദ്ധതിക്കുള്ള നടപടികൾ ത്വരിതപ്പെടുത്തും. മൂല്യവർധിത വ്യവസായ രംഗത്തു കുതിച്ചു ചാട്ടമുണ്ടാക്കാൻ റബർ പാർക്കും കോഫി പാർക്കും റൈസ് പാർക്കും സ്പൈസസ് പാർക്കും ഫുഡ് പാർക്കുകളും സജ്ജമാക്കുന്ന നടപടികൾ വേഗത്തിലാക്കും.

പുതുവൈപ്പ് എൽ.പി.ജി. ടെർമനിനൽ ഈ വർഷം ഡിസംബറിൽ കമ്മിഷൻ ചെയ്യും. കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറവരെയുള്ള കണക്റ്റിവിറ്റി ഉടൻ പൂർത്തിയാക്കും. വാട്ടർ മെട്രോ പദ്ധതി പൂർത്തിയാകുന്നതോടെ എട്ടു ബോട്ട് ജെട്ടികളെ ബന്ധിപ്പിച്ച് ഒരു വർഷത്തിനകം 10 ബോട്ടുകൾ സർവീസ് ആരംഭക്കും. കടലാക്രമണം രൂക്ഷ ചെല്ലാനത്ത് 346 കോടി ചെലവിൽ കടൽഭിത്തി നിർമാണം ഒരു വർഷംകൊണ്ടു പൂർത്തിയാക്കും. സംസ്ഥാനത്തു പുതുതായി 1510 ഹെൽത്ത് ആൻഡ് വെൽനസ് സെന്റുകൾ സ്ഥാപിക്കും. ഇഹെൽത്ത് പദ്ധതി 170 ആശുപത്രികളിൽക്കൂടി വ്യാപിപ്പിക്കും. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകളിലും ആരംഭിക്കും. രവിവർമ ആർട്ട് ഗ്യാലറിയുടെ പുതിയ കെട്ടിട നിർമാണം ഉടൻ പൂർത്തിയാക്കും.

ഉന്നത വിദ്യാഭ്യാസ മേഖയലിൽ വലിയ ഇടപെടൽ നടത്തും. എല്ലാ സ്ഥാപനങ്ങളും കാലാനുസൃത മാറ്റം കണ്ടുവരും. പശ്ചാത്തല സൗകര്യവും അക്കാദമിക മികവും സാധ്യമാക്കും. ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി കേരളത്തെ മറ്റുകയാണു സർക്കാരിന്റെ ലക്ഷ്യം. ഈ വർഷം സർവകലാശാലകളുമായി ബന്ധിപ്പിച്ച് 1500 പുതിയ ഹോസ്റ്റൽ മുറികൾ തുറക്കും. ഇതിൽ 250 എണ്ണം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാകും. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകും. ഈ വർഷം 150 എണ്ണം നൽകുകമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതിൽ 77 പേർക്കു നൽകിക്കഴിഞ്ഞു.

പല കാര്യങ്ങളിലും ലോകത്തിനു മാതൃകയായ കേരളം ഇനിയും വലിയ മുന്നേറ്റങ്ങൾ നടത്തണമെന്നും നവകേരള സൃഷ്ടിക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വികസന പദ്ധതികൾ നടപ്പാക്കുമെന്നും ജനങ്ങൾക്ക് ഉറപ്പുനൽകുന്നു. വലിയ പ്രതിസന്ധിക്കിടയിലും ലോകത്തിനു മാതൃകയായ വികസന മുന്നേറ്റം നടത്താൻ കഴിഞ്ഞത് സർക്കാരും പൊതുജനങ്ങളും ഒത്തൊരുമയോടെയുള്ള പ്രവർത്തനം നടത്തിയതു കൊണ്ടാണ്.

*(സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ സമാപന ചടങ്ങിൽ ആദ്യ വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തെ അധികരിച്ച് തയ്യാറാക്കിയത്)*

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) 2022-23- കയർ വികസന വകുപ്പിന്- തുക റീ വാലിഡേറ്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.696/2022/LBR തീയതി,തിരുവനന്തപുരം, 21-06-2022

പരാമർശം:- 1. 30.03.2022 ലെ സ.ഉ(സാധാ)നം.426/2022/തൊഴിൽ

2. ലേബർ കമ്മീഷണറുടെ 13/04/2022 & 31/05/2022- എന്നീ തീയതികളിലെ- ലെ എൽ സി.ഒ/10852 /2021/ P(1) നമ്പർ കത്തുകൾ.

**ഉത്തരവ്**

സം സ്ഥാനത്തെ പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള സാമ്പത്തിക സഹായ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം ) നടപ്പിലാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം '2230-01-103-33(01) (പ്ലാൻ)' ശീർഷകത്തിൽ 86,00,00000/- (എൺപത്തിയാറ് കോടി രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം 1-ലെ ഉത്തരവ് പ്രകാരം 10 കോടി രൂപ 2021-22 സാമ്പത്തിക വർഷം ഇൻകം സപ്പോർട്ട് സ്കീമിനത്തിൽ കയർ വികസന ഡയറക്ടർക്ക് അനുവദിച്ചിരുന്നു. പരാമർശ കത്ത് പ്രകാരം പ്രസ്തുത 10 കോടി രൂപയിൽ 5,42,13,870/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ചുവെന്നും 31.03.2022 തീയതിയായി 4,57,86,130/- രൂപയുടെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും 4,06,61,778/- തുകയ്ക്കുള്ള ബില്ല് മാറാൻ സാധിച്ചിരുന്നില്ലെന്നും അറിയിച്ചിരുന്നു. കയർ വികസന വകുപ്പിന് ബില്ല് മാറുന്നതിന് സാധിക്കാത്ത 4,06,61,778/- രൂപ റീ വാലിഡേറ്റ് ചെയ്ത് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം കത്ത് പ്രകാരം ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇൻകം സപ്പോർട്ട് സ്കീമിനായി 2022-23 സാമ്പത്തിക വർഷം 2230-01-103-33-01 (P) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 86,00,00000-/ (എൺപത്തിയാറ് കോടി രൂപ മാത്രം) രൂപയിൽ നിന്നും 4,06,61,778/- (നാല് കോടി ആറ് ലക്ഷത്തി അറുപത്തിഒരായിരത്തി എഴുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) കയർ വികസന വകുപ്പിന് വിതരണം ചെയ്യുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.എസ്.ശ്രീകല

അഡീഷണൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കയർ വികസന വകുപ്പ്

ഡയറക്ടർ,ട്രഷറി,തിരുവനന്തപുരം.






ഈ സാമ്പത്തിക വർഷം
സംരംഭക വർഷമായി ആചരിക്കും

# നിക്ഷേപ സൗഹൃദ കേരളം

## ● ഈ സാമ്പത്തിക വർഷം വ്യവസായ മേഖയിലെത്തിയത് 4,071 കോടിയുടെ നിക്ഷേപം

**പി. രാജീവ്**
**വ്യവസായ-നിയമ- കയർ വകുപ്പ് മന്ത്രി**

**കോ**വിഡിന്റെ പ്രതിസന്ധികൾക്കിടയിലും വലിയ തോതിൽ നിക്ഷേപകരെ ആകർഷിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടെന്ന സന്തോഷ വാർത്ത വായനക്കാരുമായി പങ്കുവെക്കാൻ സന്തോഷമുണ്ട്. 2021-2022 സാമ്പത്തിക വർഷംമാത്രം 4071 കോടിയുടെ നിക്ഷേപം കേരളത്തിലെ വ്യവസായ മേഖലയിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. വഴി 895 കോടിയുടെ നിക്ഷേപവും 2959 തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാനായി. ക്രിൻഫ്രയിലൂടെ 1600 കോടിയുടെ നിക്ഷേപവും 22,000 തൊഴിൽ അവസരങ്ങളും ഡി.ഐ.സി.യി.ലൂടെ 1576 കോടിയുടെ നിക്ഷേപവും 57,399 തൊഴിൽ അവസരങ്ങളും സൃഷ്ടിച്ചു. 82,358 പുതിയ തൊഴിൽ അവസരങ്ങൾ ഈ ഒരു വർഷംകൊണ്ട് സൃഷ്ടിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാരണം പ്രതിരോധത്തിലായ ചെറുകിട വ്യവസായികൾക്ക് 1,416 കോടി രൂപയുടെ സഹായ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുകയും 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് കെസ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ അനുമതിയില്ലാതെ മൂന്ന് വർഷം വരെ പ്രവർത്തനം സാധ്യമാക്കാനും സർക്കാരിനു സാധിച്ചത് വലിയ നേട്ടമാണ്.

50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമം പാസാക്കി. കെ-സിസ് പോർട്ടലിലൂടെ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പരിശോധന സംവിധാനം ആവിഷ്കരിച്ചു. ഈ സംവിധാനത്തിന് കീഴിൽ അഞ്ച് ലക്ഷത്തിലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2022-2023 സംരംഭക വർഷമായി സർക്കാർ ആചരിക്കുന്നതിന്റെ തുടർച്ചയെന്നോണം ഒരുവർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും 4 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഫലമെന്നോണം ഇന്ത്യയിലെ ഏറ്റവും അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന നഗരമായി കൊച്ചി മാറിയതായുള്ള നൗക്കരി ഡോട്ട് കോമിന്റെ റിപ്പോർട്ട് സർക്കാരിനുള്ള അംഗീകാരമാണ്. ഇത്തരം വാർത്തകൾ കേരളത്തിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനു സഹായിക്കും.

എം.എസ്.എം.ഇ. മേഖലയിൽ നിക്ഷേപങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിലുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാനായി 168 വിദഗ്ധ പാനലിസ്റ്റുകളെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംരംഭകത്വവുമായി ബന്ധപ്പെട്ട പരാതികൾ നേരിട്ട് കേട്ട് നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി ആരംഭിച്ച 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി 12 ജില്ലകളിൽ പൂർത്തിയായി. ഈ പരിപാടിയിലൂടെ ആയിരത്തിലധികം പരാതികളിൽ തീർപ്പ് കൽപ്പിച്ചു.

'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിലൂടെ 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ഒരു വർഷത്തിനുള്ളിൽ ലഭിച്ചു. കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ 75 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് ടാറ്റാ എലക്സിയുമായി കരാർ ഒപ്പുവെച്ചു പത്ത് മാസത്തിനുള്ളിൽ കെട്ടിടവും കൈമാറി. ഈ പദ്ധതിയിലൂടെ ആറായിരം പേർക്ക് തൊഴിൽ ലഭിക്കും.

കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് ആന്റ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 1200 കോടി രൂപ ചെലവിൽ ഐ.ടി, ഐ.ടി.ഇ.എസ്, ഡാറ്റ പ്രോസസിംഗ് ക്യാമ്പസ് ആരംഭിക്കുന്നതിനായി ടി.സി.എസ്സുമായി ധാരണാപത്രം ഒപ്പുവച്ചു. ഇതിലൂടെ 20,000 പേർക്ക് തൊഴിൽ ലഭിക്കും. സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാനായി 14 അപേക്ഷകൾ ആണ് ഇതുവരെ ലഭിച്ചത്. ഈ വർഷം 14 പാർക്കുകൾ തുടങ്ങാൻ സാധിക്കുമെന്നാണ് വകുപ്പിന്റെ പ്രതീക്ഷ. 10 ഏക്കറിലധികം ഭൂമിയുള്ള സ്വകാര്യവ്യക്തികൾക്ക് വ്യവസായ പാർക്കിനായി 3 കോടി രൂപ വരെ സംസ്ഥാന സർക്കാർ ധനസഹായം നൽകും. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ടിൽ കിൻഫ്രയുടെ കീഴിലുള്ള അഞ്ച് പാർക്കുകൾക്ക് ദേശീയ അംഗീകാരം ലഭിച്ചിരുന്നു. സുസ്ഥിര വികസന സൂചികയിൽ വ്യവസായ വികസനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഉയർന്ന നേട്ടം കൈവരിച്ച് ഒന്നാം സ്ഥാനം നിലനിർത്തിയിരുന്നു.

കേരളത്തിൽ ഫുഡ് പ്രോസസിംഗ് പാർക്ക് ആരംഭിക്കാൻ ദുബായ് എക്സ്പോയ്ക്കിടെ നടന്ന ചർച്ചയിൽ യു.എ.ഇ. സർക്കാർ സന്നദ്ധത അറിയിച്ചിരുന്നു. ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രൈസ്റ്റാർ ഗ്രൂപ്പ് കേരളത്തിൽ ബൃഹത്ത് നിക്ഷേപ പദ്ധതിക്ക് ഒരുങ്ങുകയാണ്. സംസ്ഥാന സർക്കാരുമായുള്ള ചർച്ചകൾ തുടരുകയാണ്.

കേരള ബ്രാൻഡിംഗ് സ്ഥാപിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇതിന്റെ ഭാഗമായി സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന മികച്ച കൈത്തറി ഉത്പന്നങ്ങൾക്ക് കേരള കൈത്തറി ബ്രാന്റ് നൽകും. ഇതിനൊപ്പം മെയ്ഡ് ഇൻ കേരള എന്ന ബ്രാൻഡിൽ കേരളത്തിൽ നിർമ്മിക്കുന്ന ഗുണമേൻമയിൽ മികവ് പുലർത്തുന്ന ഉത്പന്നങ്ങൾ അന്തരാഷ്ട്ര മാർക്കറ്റിലടക്കം എത്തിക്കാനുള്ള ശ്രമങ്ങളും വകുപ്പിന്റെ ഭാഗത്ത് നിന്നു നടക്കുന്നുണ്ട്. പരമ്പരാഗത വ്യവസായ യൂണിറ്റുകളിൽ നിന്ന് നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പ് വരുത്താനായി ഇകൊമേഴ്സ് പ്ലാറ്റ്ഫോം നിർമ്മാണം അവസാനഘട്ടത്തിലാണ്.

41 പൊതുമേഖല സ്ഥാപനങ്ങളെ ഏഴു വിഭാഗങ്ങളിലായി തിരിച്ച് 2030ഓടെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളും ലാഭകരമാക്കാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി. പതിനായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്ന് ഏറ്റെടുത്ത ഭെൽ ഇ.എം.എൽ കാസർഗോഡ് നവീകരിച്ച് സർക്കാർ ആരംഭിച്ച കെ.എൽഇ.എം.എൽ പ്രവർത്തനം ആരംഭിച്ചു. ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കുടിശ്ശികയുൾപ്പെടെ തീർത്ത് ഏറ്റെടുത്ത് പുതുതായി രൂപീകരിച്ച കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് പ്രവർത്തനമാരംഭിച്ചു. കേരള റബ്ബർ ലിമിറ്റഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ തുറക്കുന്ന കൊച്ചിബാംഗ്ലൂർ വ്യവസായ ഇടനാഴിക്കായി നിശ്ചയിച്ച 2220 ഏക്കർ ഭൂമിയുടെ 70 ശതമാനം സർക്കാർ 10 മാസം കൊണ്ട് ഏറ്റെടുത്തു.

ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനങ്ങൾ 384.68 കോടി രൂപയുടെ പ്രവർത്തനലാഭം കൈവരിച്ചു. ഏകീകൃത ലാന്റ് അലോട്ട്മെന്റ് പോളിസി രൂപീകരിക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. വിവിധ വ്യവസായ എസ്റ്റേറ്റുകളിലേയും പാർക്കുകളിലെയും ഭൂമിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കോട്ടയം, കോഴിക്കോട് കേന്ദ്രമാക്കി രണ്ട് മേഖലകൾ ഡയറക്ടറേറ്റിന് കീഴിലുണ്ടാകും. സംസ്ഥാനത്തെ തോട്ടങ്ങളുടെ മാപ്പിംഗ് ഉടനെ നടപ്പിലാക്കും. സംസ്ഥാനത്ത് അഞ്ച് കേന്ദ്രങ്ങളിൽ ബാംബൂ ബസാർ ഒരുക്കും. ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കുമരകത്ത് ആദ്യ ബാംബൂ ബസാർ ആരംഭിച്ചു. മൈനിംഗുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പൂർണമായും ഇ-ഓഫീസിലേക്ക് മാറാൻ നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ പ്രതിസന്ധികളെയും ജനങ്ങളുടെ പിൻതുണയോടെ മറികടക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. അഭൂതപൂർവ്വമായ പിൻതുണയാണ് ജനങ്ങൾ ഇക്കാര്യത്തിൽ നൽകി വരുന്നതും.

***(മന്ത്രിയുടെ വാർത്താ സമ്മേളനത്തെ അധികരിച്ച് തയ്യാറാക്കിയത്)***

## കയർ മേഖലാ വിശേഷങ്ങൾ

# ട്രേഡ് യൂണിയൻ നേതാക്കളുമായി മന്ത്രി കൂടിക്കാഴ്ച നടത്തി



**ക**യർ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ട്രേഡ് യൂണിയൻ നേതാക്കളുമായി സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്ത് ഏറ്റവും വേഗത്തിൽ പദ്ധതി വിഹിതം ചെലവഴിക്കുന്ന മേഖലകളിൽ ഒന്നാണ് കയർ രംഗം. കഴിഞ്ഞ സാമ്പത്തിക വർഷം 115.5% ആണ് പദ്ധതിച്ചെലവ്. തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിൽ 15.51 കോടി രൂപയും കോവിഡ് സമാശ്വാസ പദ്ധതി പ്രകാരം 8.84 കോടി രൂപയും ചെലവഴിച്ചു. ഒട്ടാകെ 154.66 കോടി രൂപ.

ഇത്തവണത്തെ ബജറ്റ് വിഹിതമാണെങ്കിൽ 117 കോടി രൂപയായി വർധിപ്പിച്ചു. കയർ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി തുടങ്ങിയ ആവശ്യങ്ങളും അനുഭാവപൂർവ്വം പരിഗണിച്ചു വരികയാണ്. കയർ ഭൂവസ്ത്രത്തിന് വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെ രാജ്യവ്യാപകമായും സംസ്ഥാനത്തിനകത്തും വിപണി കണ്ടെത്തുന്നതിനായി വിപുലമായ കാമ്പയിൻ നടത്തുകയുണ്ടായി. മികച്ച ഫലവുമുണ്ടായി. കയർമേഖലയിൽ സർക്കാർ ചെലവഴിക്കുന്ന പണവും മറ്റ് തരത്തിലുള്ള സഹായവും വർധിക്കുന്നുണ്ടെങ്കിലും ഈ പരമ്പരാഗത വ്യവസായ മേഖല നാനാതരം പ്രതിസന്ധികളെ നേരിടുന്നുണ്ട്.

ഇതരസംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലക്ക് ചകിരി ലഭിക്കുന്നത് കയറിന്റെ സ്വന്തം സംസ്ഥാനത്ത് വലിയ വെല്ലുവിളിയായി മാറുന്നു. നേരത്തെ സംഭരിച്ച കയറും ഉത്പന്നങ്ങളും കെട്ടിക്കിടക്കുന്ന സ്ഥിതിയുമുണ്ട്. ഉത്പാദനച്ചെലവ് കുറച്ച് ഗുണമേൻമയുള്ള ഉത്പന്നങ്ങൾ പുറത്തിറക്കുകയെന്ന അടിയന്തിര ലക്ഷ്യവും നേടേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ തൊഴിലാളി സംഘടനകളുടെ അഭിപ്രായം തേടുകയായിരുന്നു യോഗത്തിന്റെ ലക്ഷ്യം. ഒട്ടേറെ നിർദ്ദേശങ്ങൾ ട്രേഡ് യൂണിയനുകൾ മുന്നോട്ട് വച്ചു. അവ പരിശോധിച്ച് തുടർ നടപടിയിലേക്ക് പോകും.

യോഗത്തിൽ അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ, കയർ വികസന ഡയറക്ടർ വി.ആർ.വിനോദ് ഐ.എ.എസ്, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ജി.വേണുഗോപാൽ, കയർതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ, കയർ മേഖലയിലെ കേന്ദ്ര ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിച്ച് എസ്.എൽ. സജികുമാർ, ആർ. സുഭാഷ്, കെ.കരുണാകരൻ (സി.ഐ.ടി.യു), പി.വി. സത്യനേശൻ, എം.കെ. ശീമോൻ (എ.ഐ.റ്റി.യു.സി), എ. കെ. രാജൻ, എസ്.രാജേന്ദ്രൻ, പനത്തുറ പുരുഷോത്തമൻ (ഐ.എൻ.ടി.യു.സി), രമേശൻ (യു.റ്റി.യു.സി) സലിം (റ്റി.യു.സി.ഐ) എന്നിവർ പങ്കെടുത്തു.

# വിദഗ്ധ സമിതി രൂപീകരിക്കും

**ക**യർ വികസന വകുപ്പിന്റെ ചുമതല വഹിക്കുന്ന സംസ്ഥാന വ്യവസായ നിയമ മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേർന്ന കയർ മേഖലയിലെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം കയർ മേഖലയിലെ ഇപ്പോഴത്തെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുവാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാൻ ധാരണയായി. കയർ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) പ്രകാരമുള്ള ധനസഹായം, കയർ സംഘങ്ങൾക്കുള്ള പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ്, വിപണി വിപുലീകരണ ഫണ്ട് എന്നിവ ഉടൻ വിതരണം ചെയ്യുമെന്നും യോഗത്തിൽ മന്ത്രി അറിയിച്ചു. കയർ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡിയും, സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധനവും താമസംവിനാ നൽകുമെന്നും മന്ത്രി യോഗത്തിൽ പ്രഖ്യാപിച്ചു. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള സർക്കാരിന്റെ പരിശ്രമത്തെ എല്ലാ ട്രേഡ് യൂണിയനുകളും പിന്തുണച്ചു.

## കയർ മേഖലാ വിശേഷങ്ങൾ

# കയർ വില പുനർനിർണ്ണയ സമിതി രൂപീകരിച്ചു



*കയർ വില പുനർനിർണ്ണയിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതി കായംകുളം പ്രോജക്ടിലെ കയർ സംഘങ്ങൾ സന്ദർശിക്കുന്നു*

സർക്കാർ നിയോഗിച്ച 2019 ലെ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച കയർ വിലയാണ് നിലവിൽ നൽകികൊണ്ടിരിക്കുന്നത്. കയർ വില പുനർനിർണ്ണയിക്കുന്നതിന് ശക്തമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ അപ്പക്സ് ബോഡി ഫോർ കയറിന്റെ തീരുമാനപ്രകാരം കയർ വില പുനർനിർണ്ണയിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്നതിന് കയർ വികസന ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

ഇതനുസരിച്ച് ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിലും ഇലക്ട്രോണിക് റാട്ടുകളിലും കൈപിരിയിലും ഉത്പാദിപ്പിക്കുന്ന കയറിന്റെ വില നിശ്ചയിക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷനായും കയർ വികസന അഡീഷണൽ ഡയറക്ടർ കൺവീനറായും താഴെപറയുന്നവർ അംഗങ്ങളായും ഒരു സമിതിയെ സർക്കാർ നിയോഗിച്ചു ഉത്തരവായി.

കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, കയർ തൊഴിലാളി യൂണിയൻ പ്രതിനിധികളായ റ്റി.കെ. ദേവകുമാർ, എൻ.ആർ.ബാബുരാജ് (സി.ഐ.റ്റി.യു), എം.കെ. ശീമോൻ, എ.അബ്ബാസ് (എ.ഐ.റ്റി.യു.സി), എ.കെ.രാജൻ, എസ്.രാജേന്ദ്രൻ (ഐ.എൻ.റ്റി.യു.സി), സി.എസ്.രമേശൻ (യു.റ്റി.യു.സി), സലിംബാബു (റ്റി.യു.സി.ഐ), പി.ബി. പുരുഷോത്തമൻ (ബി.എം.എസ്), എന്നിവരും നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ട് പ്രതിനിധി. ഈ സമിതി വിവിധ കയർ സംഘങ്ങൾ സന്ദർശിച്ച് കയർ ഉൽപ്പാദനത്തിന്റെ വിവിധവശങ്ങളും വിലനിലവാരവും ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും വിശദമായി പഠിച്ചു വരുന്നു. സമിതി അടുത്തു തന്നെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണ്.



# ആദ്യ യോഗം ചേർന്നു



**ക**യർവില പുനർനിർണ്ണയ സമിതിയുടെ ആദ്യ യോഗം 25-06-2022 ൽ തിരുവനന്തപുരത്ത് കയർ വികസന ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ കയർ ഭവനിൽ വച്ച് കൂടി. യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ജി.വേണുഗോപാൽ , കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്. റഷീദ്, കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറകടർ ജി. ശ്രീകുമാർ, കയർ മെഷിനറി കമ്പനി മാനേജിംഗ് ഡയറകടർ പി.വി. ശശീന്ദ്രൻ, തൊഴിലാളി സംഘടനാ പ്രതിനിധികളായ റ്റി.കെ. ദേവകുമാർ, കെ.എ.അബ്ബാസ്, എം.കെ. ശീമോൻ, എസ്. രാജേന്ദ്രൻ, സി.എസ്. രമേശൻ, പുരുഷോത്തമൻ തുടങ്ങിയവർ പങ്കെടുത്തു.

# ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ ചർച്ച നടത്തി



**തി**രുവനന്തപുരം ജില്ലയിലെ കയർ സംഘങ്ങളുടെ പ്രശ്നങ്ങൾ ട്രാവൻകൂർ കയർതൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു) ജനറൽ സെക്രട്ടറിയും കയർഫെഡ് ചെയർമാനുമായ അഡ്വ. എൻ. സായികുമാറിന്റെ നേതൃത്വത്തിൽ കയർ വികസന ഡയറക്ടറേറ്റിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ചർച്ചയിൽ യൂണിയൻ ഭാരവാഹികളായ ആർ. അജിത്ത്, കഠിനംകുളം സാബു, ഡി.ജയകുമാർ, അനിൽ ജോയ് എന്നിവരും കയർ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ കെ.നായായണൻകുട്ടി മുതലായവർ പങ്കെടുത്തു.

# കെ.എസ്. വിനയകുമാർ കയർഫെഡ് ജനറൽ മാനേജർ

**ക**യർഫെഡിന്റെ ജനറൽ മാനേജരായി കയർ വികസന വകുപ്പിലെ കയർ പ്രോജക്ട് ആഫീസർ കെ.എസ്. വിനയകുമാറിന് അഡീഷണൽ ചുമതല നൽകി ഉത്തരവായി. കയർഫെഡ് ജനറൽ മാനേജരായിരുന്ന ബി.സുനിൽ വിരമിച്ചതിനെതുടർന്ന് കയർഫെഡ് ഭരണസമിതിയോഗം കയർഫെഡിന്റെ പ്രധാന തസ്തികകളിൽ ഒന്നായ ജനറൽ മാനേജരുടെ തസ്തികയിൽ നിയമനം നടത്തുന്നതിനായി കയർ വികസന ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. ഇതിനെ തുടർന്നാണ് ആലപ്പുഴ കയർ പ്രോജക്ട് ആഫീസറായ കെ.എസ്. വിനയകുമാറിനെ കയർഫെഡിൽ ജനറൽ മാനേജരുടെ അഡീഷണൽ ചുമതല നൽകി കയർ വികസന ഡയറക്ടർ ഉത്തരവ് നൽകി നിയമിച്ചിരിക്കുന്നത്.

# ആറ്റിങ്ങൽ ഏജൻസി ഷോറൂം ഉദ്ഘാടനം ചെയ്തു



*കയർഫെഡ് ആറ്റിങ്ങൽ എജൻസി ഷോറും പുതിയ ബിൽഡിംഗിൽ അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ഉദ്ഘാടനം ചെയ്യുന്നു.*



*കയർഫെഡ് ആറ്റിങ്ങൽ എജൻസി ഷോറും പുതിയ ബിൽഡിംഗിന്റെ ഉദ്ഘാടനത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ തിരി തെളിയിക്കുന്നു.*

# ബിവിൻ ബി. നായർ കയർഫെഡ് സിസ്റ്റം അനലിസ്റ്റ്

**ക**യർഫെഡിന്റെ പുതിയ സിസ്റ്റം അനലിസ്റ്റായി ബിവിൻ ബി. നായർ നിയമിതനായി. കയർഫെഡ് സിസ്റ്റം അനലിസ്റ്റിന്റെ തസ്തിക ഏതാനും വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഈ ഒഴിവ് നികത്തുന്നതിന് കയർഫെഡ് ഭരണസമിതിയോഗം കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു.

ഇതനുസരിച്ച് കേരളാ പി.എസ്.സി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സിസ്റ്റം അനലിസ്റ്റ് നിയമനം നടന്നത്. കയർഫെഡിലെ സിസ്റ്റം അനലിസ്റ്റിന്റെ വിദ്യാഭ്യാസ യോഗ്യത എം.സി.എ അല്ലെങ്കിൽ കംപ്യൂട്ടർ സയൻസിൽ ബി.ടെക്കും സോഫ്റ്റ്വെയർ ആപ്പിളിക്കേഷൻ ഡിസൈൻ ആന്റ് ഇംപൽമെന്റേഷനിൽ മൂന്നു വർഷത്തെ പ്രവർത്തി പരിചയവും ആണ്.



തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ സ്വദേശിയായ ബിവിൻ ബി. നായർ കുസാറ്റിൽ നിന്നും എം.സി.എ യോഗ്യതയും കേരള സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റി ൽ സോഫ്റ്റ് വെയർ പ്രോഗ്രാമർ ആന്റ് പ്രോജക്ട് ലീഡർ ആയി എട്ട് വർഷത്തെ തൊഴിൽ പരിചയവുമുള്ള ഉദ്യോഗസ്ഥനാണ്.

# റാട്ടിന്റെ സംഗീതം പദ്ധതി



*ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു) ജില്ലാ പ്രസിഡന്റ് ആർ.സുഭാഷിന്റെ നേതൃത്വത്തിൽ ചിറയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റ് പി. മുരളിക്ക് നിവേദനം നൽകുന്നു.*

**ക**യർ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും വരുമാന ലഭ്യത ഉറപ്പാക്കാനുമായി റാട്ടിന്റെ സംഗീതം പദ്ധതിയുമായി പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ കയർ തൊഴിലാളികൾക്കാണ് റാട്ടിന്റെ സംഗീതം, റോമെറ്റീരിയൽ ബാങ്ക് പദ്ധതി നടപ്പാക്കുന്നത്.

കഠിനംകുളം അഴൂർ, അണ്ടൂർകോണം, മംഗലാപുരം പഞ്ചായത്തുകളിലെ വിവിധ കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കാണ് പദ്ധതി പ്രകാരം അസംസ്കൃതവസ്തുക്കൾ ലഭിക്കുക. മൂന്നു പേരടങ്ങുന്ന കയർപിരി തൊഴിലാളി ഗ്രൂപ്പിന് 30,000 രൂപയുടെ ചകിരി കയർഫെഡ് മുഖേന ലഭ്യമാക്കും. ഇതുപയോഗിച്ച് ഉത്പാദിപ്പിക്കുന്ന കയർ, സഹകരണ സംഘങ്ങൾ വിലയ്ക്കുവാങ്ങുകയും വിറ്റുവരവ് തുക ഉപയോഗിച്ച് തൊഴിലാളി ഗ്രൂപ്പുകൾക്ക് വീണ്ടും ചകിരി വാങ്ങി ഉത്പാദനം തുടരുകയും ചെയ്യാവുന്നതുമാണ് പദ്ധതി. ആദ്യവർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ബ്ലോക്ക് പരിധിയിലെ 250 കയർ തൊഴിലാളികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും എന്നും കയർ തൊഴിലാളി ക്ഷേമത്തിന് ഇത്തരത്തിൽ ഒരു പദ്ധതി ആദ്യമായി ജില്ലയിൽ നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമായി പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് മാറിയെന്നും പ്രസിഡന്റ് ഹരിപ്രസാദ് പറഞ്ഞു.

# സ്ഥാപന മേധാവികളുടെ യോഗം




**സം**സ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ചെയർമാൻമാർ, മാനേജിംഗ് ഡയറക്ടർമാർ എന്നിവരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. പൊതുമേഖല സംരക്ഷണ നയം പിന്തുടരുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമവും ലാഭകരവുമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ബഹുമുഖ നടപടികളാണ് സർക്കാർ കൈക്കൊണ്ടത്.

മാസ്റ്റർ പ്ലൻ തയ്യാറാക്കി ഓരോ പി.എസ്.യുവും തുടർ നടപടികളിലേക്ക് കടന്നു. വർഷങ്ങളായി ആഡിറ്റ് നടപടികൾ മുടങ്ങിക്കിടന്നിരുന്ന സ്ഥാപനങ്ങളിൽ ഉൾപ്പെടെ അവ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു. കേന്ദ്ര സർക്കാർ കൈയ്യൊഴിഞ്ഞ കേന്ദ്ര സ്ഥാപനങ്ങൾ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ചു.

ഇവയുടെയൊക്കെ ഫലമായി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം വർധിച്ചു. അടുത്ത വർഷം ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 30 ആയി വർധിപ്പിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനങ്ങളിൽ ഗുണപരമായ കൂടുതൽ മാറ്റങ്ങൾക്ക് കളമൊരുക്കുന്ന തീരുമാനങ്ങൾ യോഗത്തിൽ കൈക്കൊണ്ടു.




*ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു.) 48-ാമത് വാർഷിക സമ്മേളനം പ്രതിനിധി സമ്മേളനം സി.ഐ.ടിയു. സംസ്ഥാന പ്രസിഡൻറ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു*

# കയർ വ്യവസായത്തിന് അടിസ്ഥാനപരമായ മാറ്റം അനിവാര്യം: മന്ത്രി പി. രാജീവ്



*ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു.) 48-ാമത് വാർഷിക സമ്മേളനത്തോടനുബന്ധിച്ച് തിരുവനന്തപുരം കവലയൂർ ഗുരുമന്ദിരം ഹാളിൽ നടന്ന വ്യവസായ സെമിനാറും വിവിധമേഖലകളിലുള്ളവരെ ആദരിക്കലും വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.*

**ക**യർ വ്യവസായ പുരോഗതിക്കായി അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണെന്ന് സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് പ്രസ്താവിച്ചു. ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു.) 48-ാമത് വാർഷിക സമ്മേളനത്തോടനുബന്ധിച്ച് തിരുവനന്തപുരം കവലയൂർ ഗുരുമന്ദിരം ഹാളിൽ നടന്ന വ്യവസായ സെമിനാറും വിവിധമേഖലകളിലുള്ളവരെ ആദരിക്കലും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സർക്കാർ വൻ സാമ്പത്തിക സഹായം നൽകുന്നുണ്ടെങ്കിലും അതിന് തക്ക മാറ്റമോ തൊഴിലാളികൾക്ക് സാമ്പത്തികനേട്ടമോ ഉണ്ടാകുന്നില്ല. ഇതിന് മാറ്റം വരുത്താൻ അടിയന്തര നടപടി സ്വീകരിച്ച് അടിയന്തര സഹായം നൽകുമെന്നും മന്ത്രി പറഞ്ഞു.

50 വർഷം കേരള കയർ വർക്കേഴ്സ് സെന്റർ ജനറൽ സെക്രട്ടറിയായും പ്രസിഡൻറായും കയർ ത്തൊഴിലാളികൾക്കായി പ്രവർത്തിക്കുന്ന ആനത്തലവട്ടം ആനന്ദനെ ചടങ്ങിൽ ആദരിച്ചു. അദ്ദേഹത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി മുൻ ധനകാര്യ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പ്രകാശനം ചെയ്തു. ആദ്യകാല ട്രേഡ് യൂണിയൻ നേതാക്കളെ ആനത്തലവട്ടം ആനന്ദനും നൂറുവർഷം പൂർത്തീകരിച്ച കയർ ഉത്പാദക കുടുംബത്തിലുള്ളവരെ വി.ജോയ് എം.എൽ.എ യും ആദരിച്ചു. യൂണിയൻ ജില്ലാ പ്രസിഡന്റ് ആർ. സുഭാഷ് അധ്യക്ഷനായി. കേരള കയർ വർക്കേഴ്സ് സെൻറർ ജനറൽ സെക്രട്ടറി കെ. കെ.ഗണേശൻ, ഒ.എസ്. അംബിക എം.എൽ.എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.കെ ശൈലജ ബീഗം, ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി അഡ്വ.എൻ. സായികുമാർ, അഞ്ചുതെങ്ങ് സുരേന്ദ്രൻ, അഡ്വ.സ്മിതാ സുന്ദരേശൻ, വി. പ്രിയദർശിനി, വി.സത്യദേവൻ, എ.നഹാസ്, സുരേഷ് ബാബു, അനിൽകുമാർ, വി സുധീർ, മുഹമ്മദ് റിയാസ് തുടങ്ങിയവർ പങ്കെടുത്തു. യൂണിയന്റെ പ്രസിഡന്റായി ആർ. സുഭാഷ്, ജനറൽ സെക്രട്ടറിയായി അഡ്വ.എൻ. സായികുമാർ തുടങ്ങിയവർ തെരഞ്ഞെടുക്കപ്പെട്ടു.



**അഡ്വ.എൻ.സായികുമാർ**
ജനറൽ സെക്രട്ടറി



**ആർ. സുഭാഷ്**
പ്രസിഡന്റ്

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**Coirfed**

# വേവുന്ന വേനലിലും വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

## കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം












Customer Care Number :

**0477 2243627**

namasteads.com

**Call Now : 8281009828,8281009840**

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com



# കയർഫെഡ് പരിസ്ഥിതി ദിനാഘോഷം

**ലോക** പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കയർഫെഡിന്റെ കേരളത്തിലെ ഓഫീസുകളിലും ഉത്പാദന യൂണിറ്റുകളിലും വൃക്ഷത്തൈ നടീൽ നടന്നു. കയർഫെഡിന്റെ ആലപ്പുഴ ഹെഡ്ഡാഫീസ് പരിസരത്ത് നടന്ന ചടങ്ങിൽ വൃക്ഷത്തൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനാഘോഷം കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ ഉദ്ഘാടനം ചെയ്തു.

ഒരേ ഒരു ഭൂമി എന്ന ലോക പരിസ്ഥിതി ദിന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ കയർഫെഡിന്റെ ആഫീസുകളിലും ഉത്പാദന യൂണിറ്റുകളിലും വൃക്ഷത്തൈകൾ നട്ടത്.

ആലപ്പുഴയിൽ നടന്ന ചടങ്ങിൽ കയർ വികസന ഡയറക്ടറും കയർഫെഡ് മാനേജിംഗ് ഡയറക്ടറുമായ വി.ആർ. വിനോദ് ഐ.എ.എസ്, ജനറൽ മാനേജർ കെ. എസ്. വിനയകുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എം. മഞ്ജു, കയർഫെഡ് പെഴ്സണൽ മാനേജർ ഡി. സജീവ്, മാർക്കറ്റിംഗ് മാനേജർമാരായ എം. അനുരാജ്, ശ്രീവർദ്ധൻ നമ്പൂതിരി, എസ്.അനിൽ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

*ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ വൃക്ഷത്തൈ നടീൽ ആലപ്പുഴയിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ ഉദ്ഘാടനം ചെയ്യുന്നു.*





*ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച ചടങ്ങിൽ കയർ വികസന ഡയറക്ടറും കയർഫെഡ് മാനേജിംഗ് ഡയറക്ടറുമായ വി.ആർ. വിനോദ് ഐ.എ.എസ് വൃക്ഷത്തൈ നടുന്നു.*



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച ചടങ്ങിൽ ജനറൽ മാനേജർ കെ.എസ്. വിനയകുമാർ വൃക്ഷത്തൈ നടുന്നു. ➡



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച ചടങ്ങിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മഞ്ജു. എം വൃക്ഷത്തൈ നടുന്നു ⬆

**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# COCOGREEN

## INOCULATED PITH
(Aerobic composting medium)



ഉറവിട മാലിന്യ സംസ്കരണത്തിന് ഉത്തമ മാർഗം.

മാലിന്യം വലിച്ചെറിയാതിരിക്കു..! ഉറവിട മാലിന്യ
സംസ്കരണത്തിലൂടെ ശുചിത്വകേരളം യാഥാർത്ഥ്യമാക്കാം...!







| Size- kg | MRP- Rs |
|---|---|
| 9 Kg | 180 |

## കയർഫെഡ് ഇനോക്കുലേറ്റഡ് പിത്ത്

ഉറവിട മാലിന്യ സംസ്കരണത്തിന്
ഒരു ഉത്തമ മാർഗം.

**Coirfed**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. No.679,**
P.B.No.4616, Alappuzha,Kerala, India. Tel: 0477 2243627, 2243628 , 2243629, 2244109(D)
www.coirfed.com, Email: coirfedho@gmail.com, mdcoirfed@gmail.com
Call: 82810 09817, 82810 09840, 82810 09828, 94956 05091

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 4 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 5 | Shri. K. Narayanan Kutty, Dy. Director<br>Coir Development Dept. | 0471 2322046 | 9846552820 |
| **II** | **Coir Project Offices** | | |
| 1 | Shri.K.J.Prabhakumar, Chirayinkeezh | 0470-2626581 | 9947060707 |
| 2 | Shri.Shaji.G, Kollam | 0474-2793412 | 8547746815 |
| 3 | Shri.Gopakumar.C, Kayamkulam | 0479-2442469 | 8848203103 |
| 4 | Shri.Vinaya Kumar.K.S, Alappuzha | 828109816 | 9747009727 |
| 5 | Smt.Smitha Jacob, Vaikom | 04829-231371 | 9652285952 |
| 6 | Shri.Abdul Nazeer.V.H, North Paravoor | 0484-2442533 | 9446312723 |
| 7 | Shri.B.Gopakumar, Thrissur | 0487-2423047 | 9061480466 |
| 8 | Shri.Basheer.P.A, Ponnani | 0494-2666029 | 8921175388 |
| 9 | Smt.Sindhu.P.R , Kozhikode | 0495-2768460 | 9447543397 |
| 10 | Shri.Muhammed Haneefa.P.T, Kannur | 0497-2705034 | 9400537160 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. Vinaya Kumar K.S., General Manager | 8281009870 | 9747009727 |
| 3 | Smt. Shammi Soman, Finance Manager | | 9633683031 |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Bivin B. Nair, System Analyst | | 6282989943 |
| 6 | Shri. D. Sajeev, Personnel Manager | | 9947562237 |
| 7 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 8 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 11 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 12 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 13 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 14 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 15 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 16 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 17 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 18 | Manager, RB Unit | | 9497635914 |
| 19 | Shri. Baburaj, Central Stores Manager | 0477-2242471 | |

ആദ്യകാല കയർ
സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
ചീഫ് എഡിറ്റർ



മങ്ങംതറ ദേവൻ

# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ

## ഇരിങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം നം. 249





**ക**യർ വ്യവസായ രംഗത്ത് സാമ്പത്തികവും സാമൂഹികവുമായ ഉച്ചനീചത്വങ്ങൾ കൊടി കുത്തിവാണ കാലത്ത് അവ നിർമ്മാജനം ചെയ്യുന്നതിന് വലിയ പങ്കു വഹിച്ച സംഘമാണ് ഇരിങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം നം.249. തൊണ്ടുതല്ലൽ, കയർപിരി മുതലായ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരുന്ന തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനത്തിന്റെ ഒരംശം പോലും വേതനമായി ലഭിക്കാതിരുന്ന സാഹചര്യത്തിലാണ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംഘം രൂപീകൃതമാവുന്നത്. 1958 ഫെബ്രുവരി മാസം 15 തീയതി ക്ലിപ്തം നമ്പർ 249 ആയി രജിസ്റ്റർ ചെയ്യുകയും 15.03.1958 ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കുഞ്ഞോലൻകുട്ടി ആദ്യ പ്രസിഡന്റും എം.കെ. കണ്ടക്കുട്ടി ആദ്യ സെക്രട്ടറിയായുമാണ് സംഘം പ്രവർത്തനം ആരംഭിച്ചത്.

ആരംഭകാലത്ത് പച്ചതൊണ്ട് സംഭരിച്ച് പുഴയിൽ കുഴിയെടുത്തു മൂടി അഴുക്കി തൊണ്ടടിച്ച് ചകിരിനാരും കയറും ഉത്പാദിപ്പിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. സംഘം നേരിട്ട് വീടുകളിൽ ചകിരി എത്തിച്ച് കയറാക്കിയാണ് പ്രവർത്തനം നടത്തിവന്നിരുന്നത്. നൂറിലധികം പാവപ്പെട്ടവരുടെ നിത്യജീവിതത്തിന്റെ ഒരു പ്രധാന ഭാഗമായി മാറാൻ ആദ്യകാലത്ത് തന്നെ സംഘത്തിന് കഴിഞ്ഞിരുന്നു.




ഈ പ്രവർത്തനം 1966 വരെ തുടർന്നുവെങ്കിലും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ ന്യായമായ വില ലഭിക്കുന്നതുവരെ കാത്തു സൂക്ഷിക്കാനോ, തൊണ്ടിന്റെ അമിതമായ വില വർദ്ധനവ് താങ്ങുവാനോ സാമ്പത്തിക ശേഷി ഇല്ലാതാവുകയും ചെയ്തതോടെ സംഘത്തിന്റെ പ്രവർത്തനം നിർത്തിവെയ്ക്കേണ്ടിവന്നു. 1974 ൽ പ്രവർത്തന മൂലധനം ലഭ്യമായതോടെ പ്രവർത്തനം പുനരാരംഭിച്ചു. ഇതോടെ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടാനും തുടങ്ങി. കുന്നത്തുപാലം, കൂടത്തുംപാറ, കോന്തനാരി എന്നീ മൂന്ന് സെന്റുകളിലായി 300 ഓളം പേർക്ക് തൊഴിൽ കൊടുക്കുവാൻ സംഘത്തിന് കഴിഞ്ഞു. ഈ കാലയളവിൽ 400 തൊഴിലാളി മെമ്പർമാർ സംഘത്തിൽ മെമ്പർഷിപ്പ് എടുത്തിരുന്നു. ഓരോ വർഷവും ശരാശരി 500 ക്വിന്റൽ കയറും സംഘം ഉത്പാദിപ്പിച്ചിരുന്നു.

1980 കാലഘട്ടങ്ങളിൽ തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറഞ്ഞുവെങ്കിലും 1989 ൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപം കൊള്ളുകയും സംഘത്തിലെ 60 കഴിഞ്ഞ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുകയും ചെയ്തപ്പോൾ സംഘത്തിലേയ്ക്ക് കൂടുതൽ തൊഴിലാളികൾ കടന്നുവരികയും തൊഴിലെടുക്കുകയും ചെയ്തു. നൂറ്റിയമ്പതിലധികം തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും കൂലിയും ക്ഷേമനിധി ആനുകൂല്യങ്ങളും നേടിക്കൊടുക്കാൻ സംഘത്തിന് കഴിഞ്ഞു. ഇത് ചെറുപ്പക്കാരെ കയർ വ്യവസായത്തിലേക്ക് ആകർഷിക്കാൻ കാരണമായി.

2000–01 വർഷത്തിൽ സംഘത്തിന് ജില്ലാ പഞ്ചായത്ത് തൊണ്ടടിക്കുന്ന മെഷീൻ വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുകയും സംഘം മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും ചെയ്തതോടെ തൊഴിലാളികളുടെ പ്രവർത്തനഭാരം കുറയുകയും വേതനം കൂടുകയും ചെയ്തു. അഴുക്കൽ തൊണ്ട് അയൽ സംഘങ്ങൾക്ക് മെഷീനിലടിച്ച് ഫൈബറാക്കി കൊടുക്കുവാൻ തുടങ്ങിയപ്പോൾ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടാൻ തുടങ്ങി. ഉത്പാദന വർദ്ധനവുമുണ്ടായി.

2002–03 വർഷത്തിൽ സംഘത്തിന് കയർ കെട്ട് ടാങ്ക് ലഭിച്ചു. എന്നാൽപരിസ്ഥിതി മലിനീകരണ പ്രശ്നം കാരണം സംഘത്തിന് ടാങ്കിൽ തൊണ്ടഴുക്കാൻ കഴിഞ്ഞില്ല. പിന്നീട് 2010 ആയപ്പോൾ സംഘത്തിന് കയർ വികസന വകുപ്പ് മുഖേന എൻ.സി.ആർ.എം.ഐ ഒരു മിനി ഡിഫൈബറിംഗ് മെഷീൻ നൽകി. പച്ചത്തൊണ്ട് അഴുക്കാതെ ചകിരിയാക്കി മാറ്റിയത് സംഘത്തിന് അനുഗ്രഹമായി. തൊണ്ട് കോഴിക്കോട് ബ്ലോക്ക് നാളികേര തൊണ്ട് കൺസോർഷ്യം മുഖേന സംഭരിക്കുകയും വനിതാ തൊഴിലാളികൾ മെഷീനിൽ തൊണ്ടടിക്കുകയും സംഘത്തിന്റെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന ചകിരി അയൽ സംഘങ്ങൾക്ക് വിൽപ്പന നടത്തുകയും ചെയ്തു. ഇത് സംഘത്തിന് ഒരു പുതിയ ഉണർവുണ്ടാക്കി. ചകിരിച്ചോറ്, ചകിരിനാര് എന്നിവ വിൽപ്പന നടത്തിയത് മൂലം തൊഴിലാളികളുടെ വേതനം മുടക്കമില്ലാതെ നൽകുന്നതിനും ബുദ്ധിമുട്ടില്ലാതെ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിനും കഴിഞ്ഞു.

ഒരു വർഷം നന്നായി തൊണ്ടടിച്ചുവെങ്കിലും പിന്നീട് മെഷീനുകൾക്ക് കേടുപാടുകൾസംഭവിച്ചു. 2011 ൽ വീണ്ടും ഒരു മിനി ഡീഫൈബറിംഗ് മെഷീൻ ലഭിച്ചു. 2015 ആയപ്പോൾ ക്രഷർ ഘടിപ്പിച്ചുള്ള ഡീഫൈബറിംഗ് മെഷീൻ സംഘത്തിന് ലഭിച്ചു. ഇതോടെ പരമാവധി തൊണ്ടടിച്ചു പ്രവർത്തനം നടത്തി.

ചകിരി പുറത്തുനിന്നും വാങ്ങാതെ തന്നെ സംഘം തൊഴിലാളികൾക്ക് തൊഴിൽ നൽകാനും അയൽ സംഘങ്ങൾക്ക് ചകിരി വിൽപ്പന നടത്തുവാനും കഴിഞ്ഞത് സംഘത്തിന്റെ പ്രവർത്തന ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

2018 നവംബർ മാസം 10 തീയതി സംഘത്തിന് ഇന്റഗ്രേഡ് ഡീഫൈബറിംഗ് മെഷീൻ ലഭിച്ചു. ഇതോടെ 2,000 തൊണ്ടടിക്കുന്ന സമയം കൊണ്ട് 8,000 തൊണ്ടടിക്കാമെന്നുള്ള സ്ഥിതിയായി. ഇത് സംഘത്തിന് വലിയ അനുഗ്രഹമായി. ആഴ്ച്ചയിലും മാസത്തിലുമുള്ള പ്രവർത്തനം ദിനം പ്രതിയായപ്പോൾ സംഘം തൊഴിലാളികൾക്ക് പ്രതിദിനം 400 രൂപ കൂലി എന്ന സ്വപ്നത്തിനും സാക്ഷാത്കാരമായി. പ്രതിദിനമുള്ള ചകിരിച്ചോർ വിൽപ്പനയിലൂടെ സംഘത്തിന്റെ സാമ്പത്തിക പ്രയാസം ദൂരീകരിക്കുന്നതിനും കഴിഞ്ഞു. എൻ.സി.ആർ.എം.ഐ ലൂടെ റാട്ട് കയർപിരി പരിശീലനം, വളം ഉത്പാദന പരിശീലനം എന്നിവ ലഭിച്ചതോടെ വളം, ചകിരിച്ചോർ വിൽപ്പന സംഘത്തിന്റെ അധിക വരുമാനമായിമാറി.

അന്താരാഷ്ട്ര വിപണന മേളയിൽ സംഘത്തിന്റെ ചകിരിച്ചോർ ജൈവവളം പ്രദർശിപ്പിച്ച് വിൽപ്പന



നടത്താൻ കഴിഞ്ഞത് എടുത്തു പറയാവുന്ന നേട്ടമാണ്.

21.12.2020 ൽ സംഘത്തിന് കയർ പുനഃസംഘടനയുടെ ഭാഗമായി 10 എ.എസ്.എമ്മുകൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയും സംഘത്തിന് നിലവിലുള്ള ഡീഫൈബറിംഗ് മെഷീൻ മാറ്റി ലഭിക്കുകയും ചെയ്താൽ സംഘം പ്രവർത്തനം വികസനത്തിന്റെ പാതയിലെത്തും. കയർഫെഡിന്റെ മുൻ ഡയറക്ടറായിരുന്ന എം.കെ. കണ്ടക്കുട്ടി സംഘം രൂപീകരണകാലം മുതൽ 2012 മെയ് മാസം വരെ സംഘത്തിന്റെ ഭരണനേതൃത്വത്തിലുണ്ടായിരുന്നത് സംഘത്തിന് വലിയ അനുഗ്രഹമായി.നിലവിലുള്ള ഭരണ സമിതിയംഗങ്ങളായ എം.എം.ദാസൻ (പ്രസിഡന്റ്), വട്ടക്കാട്ട് ജയദേവൻ, അനിൽ കുമാർ, റീന, വിനോദിനി, ബീവി, ഷിബു എന്നിവരുടെ സേവനവും സംഘത്തിന്റെ വളർച്ചയ്ക്ക് മുതൽ കൂട്ടാണ്.

1958 മുതൽ 1970 വരെയുള്ള കാലയളവിൽ 400 മെമ്പർഷിപ്പും 250 തൊഴിലാളികളും ഉണ്ടായിരുന്നത്. വർഷത്തിൽ ശരാശരി 700-750 ക്വിന്റൽ കയർ ഉത്പാദിപ്പിച്ചിരുന്നു. 1970- 80 കാലയളവിൽ 420 മെമ്പർഷിപ്പും, 500-600 ക്വിന്റൽ ഉത്പാദനവും ഉണ്ടായി. 200 തൊഴിലാളികൾ തൊഴിലെടുത്തു. 1980-90 കാലഘട്ടത്തിൽ 487 മെമ്പർഷിപ്പും 250-300 ക്വിന്റൽ വാർഷിക ഉത്പാദനവുമായി. 1991 മുതൽ 2000 വരെ 23,000 ക്വിന്റൽ കയർ സംഘം ഉത്പാദിപ്പിച്ചു. 2000-2010 കാലയളവിൽ 13,790 ക്വിന്റൽ കയർ ഉത്പാദിപ്പിക്കുകയും 80-90 തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും ചെയ്തു.

2011 മുതൽ 2020വരെയുള്ള കാലഘട്ടത്തിൽ 14,680 ക്വിന്റൽ കയറാണ് സംഘം ഉത്പാദിപ്പിച്ചത്. 350-375 മെമ്പർഷിപ്പുമുണ്ടായി. ശരാശരി 65 തൊഴിലാളി മെമ്പർമാരുമാണുള്ളത്. 2011 മുതൽ ചകിരിനാര് സംഘം സ്വന്തമായി ഉത്പാദിപ്പിക്കുന്നു. കുഞ്ഞോലൻ കുട്ടി, നാരായണൻ നായർ, എം.കെ. കണ്ടക്കുട്ടി, ഉസ്മാൻ എന്നിവരാണ് മുൻ പ്രസിഡന്റുമാർ. എം.എം. ദാസൻ 2012 മെയ് മാസം മുതൽ പ്രസിഡന്റായി പ്രവർത്തിച്ചു വരുന്നു. എം.കെ. കണ്ടക്കുട്ടി, ലീലാവതി, ശശിധരൻ, മിത്രൻ, കുഞ്ഞികണ്ണൻ, സത്യൻ, മനോഹരൻ, നളിനി, അന്നപൂർണ്ണേശ്വരി, ശോഭ എന്നിവരാണ് മുൻ സെക്രട്ടറിമാർ. 1989 മുതൽ സി. ത്രിവേണി സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു.



**എം.എം. ദാസൻ**



**സി. ത്രിവേണി**

# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**



*കേരള സംസ്ഥാന കൃഷി വകുപ്പ് തിരുവനന്തപുരം കുടപ്പനക്കുന്നിൽ സംഘടിപ്പിച്ച ഞാറ്റുവേലചന്തയും കർഷക സഭകളും എന്ന പരിപാടിയിൽ കയർഫെഡിന്റെ സ്റ്റാൾ*


# ജൂൺ 27 സൂക്ഷ്മ–ചെറുകിട–ഇടത്തരം സംരംഭക ദിനമായി ആചരിച്ചു

**2022** ജൂൺ 27 അന്താരാഷ്ട്ര തലത്തിൽ സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭക ദിനമായി ആചരിച്ചു. കേരളത്തിലും എം.എസ്.എം.ഇ. ദിനം സമുചിതമായി ആചരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കും. സംരംഭകർക്ക് കൈത്താങ്ങാകുന്നതിനായി ആരംഭിക്കുന്ന ഹെൽപ് ഡെസ്കുകൾ എല്ലാ തിങ്കളാഴ്ചകളിലും ബുധനാഴ്ചകളിലും പ്രവർത്തിക്കും. പുതുതായി നിയമിക്കപ്പെട്ട ഇന്റേണുകൾ ഹെൽപ് ഡെസ്ക് സംവിധാനത്തിന്റെ ഭാഗമായി സംരംഭകരെ സഹായിക്കും.

2022–23 സാമ്പത്തിക വർഷം സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംരംഭക വർഷമായി ആചരിക്കുകയാണ്. ചുരുങ്ങിയത് ഒരു ലക്ഷം എം.എസ്.എം.ഇ. യൂണിറ്റുകളെങ്കിലും ഈ കാലയളവിനുള്ളിൽ കേരളത്തിൽ ആരംഭിക്കും. മൂന്ന് ലക്ഷം മുതൽ നാല് ലക്ഷം വരെ ആളുകൾക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണവും ലഭ്യമാണ്. പദ്ധതിയുടെ വിജയത്തിന് തദ്ദേശ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന ഹെൽപ് ഡെസ്കുകൾ നൽകുന്ന പിന്തുണ ഏറെ ഗുണം ചെയ്യും.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാല് ശതമാനം പലിശക്ക് വായ്പ ലഭ്യമാക്കുന്നതിനായി പ്രത്യേക സ്കീം ആവിഷ്കരിക്കാൻ ബാങ്ക് മേധാവികളുമായി ചേർന്ന യോഗത്തിൽ തീരുമാനമായി. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കാനുള്ള പദ്ധതിക്ക് പിന്തുണ നൽകുമെന്നും ബാങ്കുകൾ ഉറപ്പ് നൽകി. പ്രത്യേക സ്കീമുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലെ ബാങ്കുകൾക്കുള്ള സാങ്കേതിക പരിമിതികൾ പ്രത്യേകമായി പരിശോധിക്കും. സംരംഭകരുടെ രജിസ്ട്രേഷനു വേണ്ടി തയ്യാറാക്കിയ പോർട്ടൽ ബാങ്കുകൾക്കും ലഭ്യമാക്കും.

നാല് ശതമാനം പലിശക്ക് ബാങ്കുകൾ വായ്പ നൽകുന്നത് മൂലമുള്ള അധികബാധ്യത മറികടക്കാൻ സർക്കാർ പലിശയിളവ് നൽകും. ഇത് സംബന്ധിച്ച ഉത്തരവ് ഉടനെ പുറത്തിറക്കും. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പ് നിയമിച്ച




1153 ഇന്റേണുകൾക്ക് ജില്ലാ തലത്തിൽ വായ്പാ പദ്ധതി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പരിശീലനം നൽകും. ജില്ലാ കളക്ടർമാർ ജില്ലാ തലത്തിൽ ബാങ്ക് പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കും. വായ്പാ അപേക്ഷകളിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നടപടി പൂർത്തിയാക്കി വായ്പ അനുവദിക്കും.

ഓരോ ബാങ്കുകളും തങ്ങളുടെ സ്കീം വിശദീകരിച്ച് പ്രചരണം നടത്തും.പ്രത്യേക സ്കീമുകൾക്ക് ഏതാനും ബാങ്കുകൾ ഇതിനകം രൂപം നൽകിയിട്ടുണ്ട്. മറ്റ് ബാങ്കുകളും പെട്ടെന്ന് തന്നെ സ്കീമുകൾ തയ്യാറാക്കി ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങളെന്ന ചരിത്രദൗത്യത്തിൽ പങ്കാളികളാകും.

# ഓണത്തിനൊരു മുറം പച്ചക്കറി: സെക്രട്ടേറിയറ്റിൽ തുടക്കമായി



ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായുള്ള ഓണത്തിനൊരു മുറം പച്ചക്കറി കൃഷിക്ക് സെക്രട്ടേറിയറ്റിൽ തുടക്കമായി. 13 മന്ത്രിമാർ ചേർന്നാണ് സെക്രട്ടേറിയറ്റ് ഗാർഡനിൽ പച്ചക്കറി തൈകൾ നട്ട് പദ്ധതിക്ക് തുടക്കം കുറിച്ചത്. വഴുതന, തക്കാളി തൈകളാണ് മന്ത്രിമാർ നട്ടത്.

മന്ത്രിമാരായ പി. പ്രസാദ്, കെ.എൻ. ബാലഗോപാൽ, എം.വി. ഗോവിന്ദൻ മാസ്റ്റർ, റോഷി അഗസ്റ്റിൻ, സജി ചെറിയാൻ, പി. രാജീവ്, കെ. കൃഷ്ണൻകുട്ടി, ആർ. ബിന്ദു, വി.എൻ. വാസവൻ, ജെ. ചിഞ്ചുറാണി, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, എ.കെ. ശശീന്ദ്രൻ എന്നിവരാണ് തൈകൾ നട്ടത്. പദ്ധതിയുടെ ഭാഗമായി വിവിധ ഇനം പച്ചക്കറികളാണ് നട്ടുപിടിപ്പിക്കുക. ഓണത്തിന് വിളവെടുക്കാൻ പാകത്തിലാണ് കൃഷി. പരിപാടിയുടെ ഭാഗമായി പച്ചക്കറി വിത്തുകളുടെ വിതരണവും നടന്നു.

കൃഷി വകുപ്പ് ഡയറക്ടർ ടി.വി. സുഭാഷ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# ലോക പരിസ്ഥിതി ദിനാചരണം



സംസ്ഥാനത്തെ എല്ലാ വ്യവസായ പാർക്കുകളിലും ഹരിത മതിൽ ഉയരും. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരളത്തിലെ വ്യവസായ പാർക്കുകൾ ഗ്രീൻ സോൺ ആകുന്നതിന്റെ ഭാഗമായുള്ള വൃക്ഷത്തൈ നടൽ സംസ്ഥാനതല ഉദ്ഘാടനം എടയാർ വ്യവസായ മേഖലയിൽ സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി.രാജീവ് നിർവഹിച്ചു.

മാവ്, പ്ലാവ്, ആര്യവേപ്പ് തുടങ്ങിയ ഉപകാരപ്രദമായ വൃക്ഷങ്ങൾ ഉപയോഗിച്ച് ഒരു മീറ്റർ മുതൽ രണ്ട് മീറ്റർ വരെ വീതിയിൽ ഹരിത മതിൽ നിർമിക്കുകയാണ് ലക്ഷ്യം.

വൃക്ഷങ്ങൾ നന്നായി പരിചരിക്കണമെന്നും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഒരേ ഒരു ഭൂമി എന്ന ലോക പരിസ്ഥിതി ദിന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള വ്യവസായ വികസന ഏരിയ പ്ലോട്ടുകളിൽ വൃക്ഷത്തൈകൾ നടുന്നത്.

# ത്രിദിന പ്രദർശന മേള – വ്യാപാർ 2022



## ● 2417 വ്യാപാര കൂടിക്കാഴ്ചകൾ
## ● 105 കോടിയുടെ വാണിജ്യ ഇടപാടുകൾ

**വി**വിധ ബിടുബി മീറ്റുകളിലൂടെ 105 കോടിയുടെ വാണിജ്യ ഇടപാടുകൾക്ക് അവസരമൊരുക്കി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ത്രിദിന പ്രദർശന മേളയായ വ്യാപാർ 2022. 2417 വ്യാപാര കൂടിക്കാഴ്ചകളാണ് വ്യാപാറിൽ നടന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 324 സെല്ലർമാരും 330 ബയർമാരുമായുള്ള കൂടിക്കാഴ്ചയ്ക്കും കൊച്ചി ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിലെ പ്രദർശനമേള വേദിയായി.

വ്യാപാര സാധ്യതകൾ ഊട്ടിയുറപ്പിക്കുന്നതിനായി വെർച്വൽ മീറ്റുകൾ സംഘടിപ്പിക്കും. കൊവിഡ് പ്രതിസന്ധി നേരിട്ട എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ഉത്പന്നങ്ങൾ അവതരിപ്പിച്ച് ദേശീയ വിപണി നേടിയെടുക്കുന്നതിന് ഊന്നൽ നൽകിയ മേള സംരംഭകത്വ ലോകത്ത് സാങ്കേതിക കഴിവുകൾ വളർത്തുന്നതിനുള്ള മാർഗനിർദേശങ്ങളും നൽകി. 331 എക്സിബിഷൻ സ്റ്റാളുകളിൽ 65 എണ്ണവും വനിതാ സംരംഭകരുടേതായിരുന്നു എന്നത് ശ്രദ്ധേയമായ മുന്നേറ്റമായിരുന്നു.

ഏഴ് പ്രധാന സാമ്പത്തിക മേഖലകളിലാണ് മേള ശ്രദ്ധ കേന്ദ്രീകരിച്ചത്. ഭക്ഷ്യസംസ്കരണം (ഭക്ഷണവും സുഗന്ധവ്യഞ്ജനങ്ങളും), കൈത്തറി, തുണിത്തരങ്ങൾ, വസ്ത്രങ്ങൾ (ഫാഷൻ ഡിസൈനും ഫർണിഷിംഗ് ഉത്പന്നങ്ങളും), റബ്ബർ, കയറുത്പന്നങ്ങൾ, ആയുർവേദവും ഹെർബലും (സൗന്ദര്യവർധക വസ്തുക്കളും ന്യൂട്രാസ്യൂട്ടിക്കൽസും), ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, കരകൗശല വസ്തുക്കൾ, കൈത്തറി തുണിത്തരങ്ങൾ, മുള ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്ന പരമ്പരാഗത മേഖലകൾ എന്നിവയായിരുന്നു മേളയിലെ കേന്ദ്രീകൃത മേഖലകൾ.

നിയമ, വ്യവസായ, കയർ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്ത വ്യാപാറിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ, അഖിലേന്ത്യാ വ്യാപാര വാണിജ്യ സംഘടനകളുടെ പ്രതിനിധികൾ, ബിസിനസ് കൺസോർഷ്യങ്ങൾ, ഇ-കൊമേഴ്സ് എക്സിക്യൂട്ടീവുകൾ, കയറ്റുമതിക്കാർ, മുൻനിര ഉപഭോക്താക്കൾ തുടങ്ങിയവരുടെ ഒത്തുചേരലിന് അവസരമൊരുക്കുകയായിരുന്നു.

ആമസോൺ, ഫ്ളിപ്കാർട്ട് പോലുള്ള ആഗോള ഇ-കൊമേഴ്സ് ഭീമൻമാരുടെ സാന്നിധ്യവും മേളക്ക് ഊർജ്ജമായിരുന്നു.

# സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം നിർവഹിച്ചു

**സ്വ**കാര്യ വ്യവസായ എസ്റ്റേറ്റ് ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം സംസ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് നിർവഹിച്ചു. വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും ട്രസ്റ്റുകൾക്കും പാർട്നർഷിപ്പ് കൂട്ടായ്മകൾക്കും സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാം. നിക്ഷേപ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ചത് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ പ്രചോദനമാകും.

കേരളത്തിൽ ഭൂമി ലഭ്യത വലിയ പ്രശ്നമാണ്. തീരദേശ പരിപാലന നിയമം, തണ്ണീർത്തട നിയമം, പരിസ്ഥിതി ലോല പ്രദേശങ്ങൾ പരിപാലിക്കാനുള്ള നിയമങ്ങൾ തുടങ്ങിയവ വ്യാവസായിക ആവശ്യങ്ങൾക്ക് ലഭ്യമാക്കാനാകുന്ന ഭൂമിയുടെ അളവ് പരിമിതപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ വ്യവസായ വളർച്ചയ്ക്ക് സ്വകാര്യഭൂമി കൂടി എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന പരിശോധനക്ക് ശേഷമാണ് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ നിശ്ചയിച്ചത്. സ്വകാര്യ പാർക്കുകൾ അനുവദിക്കാനുള്ള നയം നേരത്തെ തന്നെ നിലവിൽ വന്നിരുന്നെങ്കിലും പ്രായോഗിക തലത്തിൽ നടപ്പിൽ ആയിരുന്നില്ല. ഇതിന് ഇടയാക്കിയ കാരണങ്ങൾ സർക്കാർ പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതുക്കിയ നടപടിക്രമങ്ങൾ രൂപീകരിച്ചത്.

ഒരു ഏക്കറിന് 30 ലക്ഷം രൂപയും ഒരു എസ്റ്റേറ്റിന് പരമാവധി മൂന്നുകോടി രൂപ വരെയും ഇൻസന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൊരു ഭാഗം




മുൻകൂറായി നൽകും. മുപ്പത് വർഷ കാലപരിധി പാർക്കുകൾക്ക് നിശ്ചയിച്ചത് ഒഴിവാക്കും. വ്യവസായ ടൗൺഷിപ്പ് നിയമത്തിന്റെ പരിധിയിൽ പാർക്കുകളെ കൊണ്ടുവരും. നിക്ഷേപകർക്ക് അനുകൂലമായ ഒരു ആവാസ വ്യവസ്ഥിതി കേരളത്തിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സംരംഭകർക്ക് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് തയ്യാറാക്കിയ ഓൺലൈൻ പോർട്ടൽ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന-ജില്ലാതലങ്ങളിൽ രൂപീകരിച്ച പരാതി പരിഹാര കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ഓൺലൈൻ പോർട്ടൽ സഹായകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തീർച്ചയായും ഈ ഓൺലൈൻ പോർട്ടലിലൂടെ സംരംഭകർക്കുണ്ടാകുന്ന പ്രയാസങ്ങൾ നിശ്ചിത സമയത്തിനകം പരിഹരിക്കപ്പെടും.

ഒരു വർഷം ഒരു ലക്ഷം സംരംഭകരെന്ന ലക്ഷ്യം പ്രതീക്ഷിച്ചതിലും മികച്ച രീതിയിൽ കൈവരിക്കാനാകുമെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം കോവിഡ് പ്രതിസന്ധിയുണ്ടായിട്ടും 17,000 നു മുകളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു. ഇത്തവണയും വലിയ രീതിയിൽ വ്യവസായ സംരംഭങ്ങൾ വരുന്നുണ്ട്. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അതിവേഗ പരിഹാരത്തിനായാണ് സ്റ്റാറ്റിയൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസം രൂപീകരിച്ചത്. പുതിയ സംവിധാനത്തിൽ പരാതി നൽകിയാൽ നിശ്ചിത ദിവസത്തിനകം ഉറപ്പായും തീരുമാനമുണ്ടാകും.

സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും ബാധകമാകത്തക്കവിധമുള്ള സ്റ്റാറ്റിയൂട്ടറി അധികാരത്തോടെയാണു പുതിയ സംവിധാനത്തിന്റെ പ്രവർത്തനം. ഇവിടെനിന്നുള്ള തീരുമാനങ്ങൾ ഉദ്യോഗസ്ഥർ 15 ദിവസത്തിനകം നടപ്പാക്കണം. 16 ദിവസമായാൽ 250 രൂപ പിഴ ഈടാക്കും. ഈ രീതിയിൽ 10,000 രൂപ വരെ പിഴ ഇടാക്കാൻ അധികാരമുള്ള സംവിധാനമാണിത്. ഇത് വ്യവസായ മേഖലയിൽ വലിയ മാറ്റമുണ്ടാക്കുമെന്നാണു പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

രാജ്യത്തു മെച്ചപ്പെട്ട വ്യവസായ അനുകൂല സംസ്ഥാനമാണു കേരളമെന്നു മന്ത്രി വി. ശിവൻകുട്ടി ചടങ്ങിൽ ചൂണ്ടിക്കാട്ടി. മികച്ച തൊഴിലുടമാ - തൊഴിലാളി ബന്ധം കേരളത്തിലുണ്ട്. സംസ്ഥാനത്ത് മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ഡയറക്ടർ എസ്. ഹരികിഷോർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ലാ സെക്രട്ടറി എ. ഫസലുദ്ദീൻ, എഫ്.ഐ.സി.സി.എ. സ്റ്റേറ്റ് കൗൺസിൽ കോ-ചെയർ എം.ഐ. സഹദുള്ള, പി. ഗണേഷ് തുടങ്ങിയവർ പങ്കെടുത്തു.

# കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിലും കേരളം ഒന്നാം സ്ഥാനത്ത്

**വി**വിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിൽ. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്താൻ ചേർന്ന ദിശ യോഗത്തിലാണ് വിലയിരുത്തൽ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടെ കേരളം മിന്നുന്ന പ്രകടനം കാഴ്ച വെച്ച് ഒന്നാം സ്ഥാനത്താണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. യോഗത്തിൽ ദിശ സംസ്ഥാനതല സമിതിയുടെ കോ ചെയർമാനായ തദ്ദേശ സ്വയം ഭരണ എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു.

തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം രാജ്യത്ത് ഒന്നാമതാണെന്നാണ് കണക്കുകൾ. കേരളത്തിലെ സ്ത്രീ പങ്കാളിത്തം 89.42% മായി ഉയർന്ന് നിൽക്കുമ്പോൾ ദേശീയ ശരാശരി 54.7 ശതമാനം മാത്രമാണ്. ഈ വർഷം മാത്രം 2,474 കോടി രൂപ സ്ത്രീകളുടെ കൈകളിൽ എത്തിക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞു. പട്ടികവർഗ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകുന്ന കാര്യത്തിലും കേരളം ഒന്നാമതാണ്. ദേശീയ തലത്തിൽ 12 ശതമാനമായി നിൽക്കെ കേരളത്തിലിത് 40 ശതമാനമാണ്. പട്ടികജാതി കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുന്ന കാര്യത്തിൽ കേരളം

ദേശീയതലത്തിൽ രണ്ടാമതാണ്. ദേശീയതലത്തിലെ നിരക്ക് 48 ശതമാനമായിരിക്കെ കേരളത്തിൽ ഇത് 67 ശതമാനമാണ്. തൊഴിലാളികൾക്ക് വേതനം സമയ ബന്ധിതമായി വിതരണം ചെയ്യുന്ന ആദ്യ നാല് സംസ്ഥാനങ്ങളിൽ കേരളമുണ്ട്. 99.55 ശതമാനം പേർക്കും കേരളം വേതനം കൃത്യസമയത്ത് ലഭ്യമാക്കി. ഈ സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ട് മാസത്തിൽ തന്നെ 54 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് കേരളം മികച്ച പ്രകടനവുമായി മുന്നോട്ട് കുതിക്കുകയാണ്.

ഒരു വർഷത്തലധികമായി മെറ്റീരിയൽ ഇനത്തിലും ഭരണച്ചെലവ് ഇനത്തിലുമായി 700 കോടി രൂപ കേന്ദ്രം നൽകാനുണ്ട്. ഇതു തൊഴിലുറപ്പ് പദ്ധതിയുടെ ആസ്തി നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കുന്നതിനാൽ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ യോഗത്തിൽ പങ്കെടുത്ത എംപിമാരെ ചുമതലപ്പെടുത്തി.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഉന്നതി, സുഭിക്ഷ കേരളം, ശുചിത്വ കേരളം, മികവ്, പച്ചത്തുരുത്ത് തുടങ്ങിയ പദ്ധതികളുമായി തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിക്കുന്നതിലെ പുരോഗതിയും യോഗം വിലയിരുത്തി. കഴിഞ്ഞ വർഷം സംസ്ഥാനത്ത് പദ്ധതി പ്രകാരം 1,041 പച്ചത്തുരുത്തുകൾ സൃഷ്ടിച്ചു.

ദേശീയ ഗ്രാമീണ ഉപജീവൻ മിഷൻ, നാഷണൽ റൂറൽ റർബൻ മിഷൻ, പ്രധാൻമന്ത്രി ആവാസ് യോജന, കൃഷി സിഞ്ചായി യോജന, രാഷ്ട്രീയ കൃഷി വികാസ് യോജന, പരമ്പരാഗത് കൃഷി വികാസ് യോജന, നാഷണൽ അഗ്രികൾച്ചറൽ മാർക്കറ്റ്, പ്രധാനമന്ത്രി ഫസൽ ബിമ യോജന എന്നീ പദ്ധതികളും മികച്ച രീതിയിൽ കേരളത്തിൽ പുരോഗമിക്കുന്നുണ്ടെന്നും ദിശ യോഗം വിലയിരുത്തി.



# സന്തോഷ് ട്രോഫി കിരീട നേട്ടം, കേരള ഫുട്ബോളിന് ഊർജം: മുഖ്യമന്ത്രി

സന്തോഷ് ട്രോഫിയിലെ കേരളത്തിന്റെ കിരീട നേട്ടം സംസ്ഥാനത്തെ ഫുട്ബോളിനു വലിയ ഊർജമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിന്റെ എല്ലാ ഗ്രാമങ്ങളിലും പൊതുകളിസ്ഥലങ്ങൾ ഉണ്ടാകണമെന്നാണു സർക്കാരിന്റെ നയമെന്നും മുഖ്യമന്ത്രി പറഞ്ഞു. സന്തോഷ് ട്രോഫി കിരീടം നേടിയ കേരള ടീം അംഗങ്ങൾക്കു സംസ്ഥാന സർക്കാർ നൽകിയ അനുമോദന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

രാജ്യത്തിന്റെ ഫുട്ബോൾ രംഗത്തു വലിയ സംഭാവനകൾ നൽകിയ സംസ്ഥാനമാണു കേരളമെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഒരുകാലത്ത് ദേശീയ ടീമിന്റെ പകുതിയോളം അംഗങ്ങൾ മലയാളികളായിരുന്നു. അതികായരായ ഫുട്ബോൾതാരങ്ങളെ രാജ്യത്തിനു സംഭാവനചെയ്ത നാടാണ് ഇത്. എന്നാൽ കഴിഞ്ഞ കുറച്ചു നാളുകളായി ഈ പ്രതാപത്തിനു മങ്ങലേറ്റിരുന്നു. സന്തോഷ് ട്രോഫി നേട്ടത്തോടെ ഇതിനു മാറ്റമുണ്ടാകുകയാണ്. ഫുട്ബോൾ രംഗം നല്ല രീതിയിൽ തിരിച്ചുവരുന്നതിന്റെ സൂചനയാണിത്.

സംസ്ഥാനത്ത് പൊതു കളിസ്ഥലങ്ങൾ ചുരുങ്ങി വരുന്നതാണു ഫുട്ബോൾ പോലുള്ള കായിക ഇനങ്ങളുടെ പിന്നാക്കംപോക്കിനു കാരണം. ഇപ്പോൾ പലസ്ഥലങ്ങളിലും പൊതുകളിസ്ഥലങ്ങൾ തിരിച്ചുവരികയാണ്. എല്ലാ ഗ്രാമങ്ങളിലും പൊതു കളിസ്ഥലങ്ങളുണ്ടാകണം. ഭേദചിന്തയില്ലാതെ യുവാക്കൾക്ക് ഒത്തുകൂടാനുള്ള സ്ഥലമായി ഇവ മാറും. ഓരോ ഗ്രാമങ്ങളിലും തുടങ്ങുന്ന കളിസ്ഥലങ്ങൾ പിന്നീട് ഓരോ പ്രദേശത്തേക്കും വ്യാപിക്കണം.

സംസ്ഥാനത്തെ അഞ്ചു ലക്ഷം വിദ്യാർഥികൾക്കു ഫുട്ബോൾ പരിശീലനം നൽകുന്ന ഗോൾ എന്ന ബൃഹത് പദ്ധതിക്കു സർക്കാർ തുടക്കമിടുകയാണ്. ഫിഫയുടേയും ഓൾ ഇന്ത്യാ ഫുട്ബോൾ അസോസിയേഷന്റെയും പിന്തുണയോടെ നടപ്പാക്കുന്ന ഈ പദ്ധതി ഫുട്ബോൾ മേഖലയ്ക്കു വലിയ ഗുണം ചെയ്യും. സംസ്ഥാനത്ത് കൂടുതൽ പുതിയ ഫുട്ബോൾ ടൂർണമെന്റുകൾ ആരംഭിക്കുന്നതും മികച്ച സാധ്യതകൾ ഉയർന്നുവരുന്നതും വലിയ പ്രതീക്ഷയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

അഞ്ചു ലക്ഷം കുട്ടികൾക്കു ഫുട്ബോൾ പരിശീലനം നൽകുന്ന ഗോൾ പദ്ധതി ഇത്രയധികം പേർക്ക് ഒന്നിച്ചു ഫുട്ബോൾ പരിശീലനം നൽകുന്ന ലോകത്തെ ആദ്യ പദ്ധതിയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച കായിക മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. രാജ്യത്തിന്റെ കായികഭൂപടത്തിൽ കേരളത്തെ ഒന്നാമതെത്തിക്കാനുള്ള നവീകരണ പദ്ധതികൾ സർക്കാർ നടപ്പാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സന്തോഷ് ട്രോഫി വിജയം കേരളത്തിലെ ഫുട്ബോൾ പ്രേമികൾക്കു നൽകിയ ഊർജവും ആത്മവിശ്വാസവും പറഞ്ഞറിയിക്കാനാകാത്തതാണെന്നു മുഖ്യ പ്രഭാഷണം നടത്തിയ നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് പറഞ്ഞു.

ഗോൾ പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. സന്തോഷ് ട്രോഫി നേടിയ കേരള ടീം അംഗങ്ങൾക്കും മാനേജ്മെന്റ് അംഗങ്ങൾക്കും മുഖ്യമന്ത്രി കീർത്തിപത്രങ്ങളും പാരിതോഷികങ്ങളും സമ്മാനിച്ചു. ആർച്ചറി താരം അനാമിക സുരേഷിന് സ്പീക്കർ എം.ബി. രാജേഷ് ചടങ്ങിൽ പുരസ്കാരം നൽകി. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ റോഷി അഗസ്റ്റൻ, എ.കെ. ശശീന്ദ്രൻ, ആന്റണി രാജു, ജി.ആർ. അനിൽ, ഡോ. ആർ. ബിന്ദു, അഹമ്മദ് ദേവർകോവിൽ, പി. പ്രസാദ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് മേഴ്സി കുട്ടൻ, കായിക യുവജനകാര്യ ഡയറക്ടർ എസ്. പ്രേം കൃഷ്ണൻ, അഡിഷണൽ ഡയറക്ടർ എ.എൻ. സീന തുടങ്ങിയവർ പങ്കെടുത്തു.






# പാരസ്പര്യത്തിന്റെ കരുത്തുമായി പിറന്ന മണ്ണും പ്രവാസിയും

ലോക കേരള സഭ 2022

● **ലോക കേരള സഭയുടെ മൂന്നാം സമ്മേളനം വിജയകരമായി പൂർത്തീകരിച്ചു**

**പി**റന്ന നാടും പ്രവാസികളും തമ്മിലുള്ള പാരസ്പര്യം കൂടുതൽ ദൃഢതയോടെ വിളക്കി ചേർത്ത് ലോക കേരള സഭയുടെ മൂന്നാം സമ്മേളനം വിജയകരമായി പൂർത്തീകരിച്ചു. ലോകമെമ്പാടുമുള്ള മലയാളികളെ ഏഴു ഭൂമിശാസ്ത്ര മേഖലകളായി തിരിച്ച് അവരുടെ പ്രതിനിധികൾ, കേരളത്തിലെ നിയമസഭാ-പാർലമെന്റ് പ്രതിനിധികൾക്കൊപ്പം കേരളത്തിന്റെയും പ്രവാസികളുടെയും പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ലോക കേരള സഭയിൽ ഒരുമിച്ചു ചേർന്നു. പ്രവാസിമലയാളികളുടെ ആഗോളസഹകരണവും കൂട്ടായ്മയും ഉറപ്പാക്കുകയും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി ആ കൂട്ടായ്മയെ സമന്വയിപ്പിക്കുകയുമായിരുന്നു ലോക കേരള സഭയുടെ ലക്ഷ്യം. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ സഭ ഉദ്ഘാടനം ചയ്തു.

നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ സമീപനരേഖ അവതരിപ്പിച്ചാണ് മൂന്നാം സമ്മേളനം ചർച്ചകളിലേക്ക് കടന്നത്. ശാരീരിക അസ്വസ്ഥതകളാൽ മുഖ്യമന്ത്രി ചടങ്ങിൽ പങ്കെടുത്തിരുന്നില്ല. ചീഫ് സെക്രട്ടറി വി പി ജോയ് സഭാസമ്മേളനത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. സഭാ അധ്യക്ഷനായ സ്പീക്കർ എം ബി രാജേഷ് നടപടി നിയന്ത്രിച്ചു. ഡോ. എം എ യൂസഫലി, ഡോ. രവിപിള്ള, ഡോ. എം അനിരുദ്ധൻ, ഡോ. ആസാദ് മൂപ്പൻ, ഗോകുലം ഗോപാലൻ, ഡോ. നന്ദിതാ മാത്യു, ജോൺ ബ്രിട്ടാസ് എംപി, കെ ടി ജലീൽ എംഎൽഎ, പി ശ്രീരാമകൃഷ്ണൻ എന്നിവരായിരുന്നു പ്രസീഡിയം അംഗങ്ങൾ.ഡോ. എം എ യൂസഫലി, ഡോ. രവിപിള്ള, ഡോ. എം അനിരുദ്ധൻ, പി മുഹമ്മദാലി, എളമരം കരീം എംപി, വിദ്യാ വിനോദ്, അജിത് ബാലകൃഷ്ണൻ, ജോസ് കെ മാണി എംപി, പി സന്തോഷ് കുമാർ, എ വി അനൂപ്, എൻ എസ് മാധവൻ, കെ പി മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു.

ഏഴു മേഖലാ യോഗവും എട്ടു വിഷയാടിസ്ഥാന സമ്മേളനവും ചേർന്നു.സമ്മേളനത്തിൽ 65 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത്. പ്രവാസികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങളെ കുറിച്ചും നിക്ഷേപ സൗകര്യങ്ങളെ കുറിച്ചും വിശദമായ ചർച്ചയാണ് ലോക കേരള സഭയിൽ നടന്നത്. പ്രളയം,കൊവിഡ്, യുക്രൈയ്ൻ യുദ്ധം എന്നീ വിഷയങ്ങളും വികസന പ്രവർത്തനങ്ങളും സമ്മേളനത്തിൽ ചർച്ചയായി. കൊവിഡ് ബാധിച്ചു മരിച്ച പ്രവാസികളുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു. കേരളം കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും നിർദ്ദേശങ്ങളും സഭയിൽ ഉയർന്നു.

# കുടിയേറ്റത്തിനും റിക്രൂട്ട്മെന്റിനും സമഗ്രനയം അനിവാര്യം: ലോക കേരള സഭ




ലോക കേരള സഭ 2022

മറ്റു രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം, റിക്രൂട്ട്മെന്റ് എന്നിവയ്ക്ക് സമഗ്രനയം അനിവാര്യമാണെന്ന് ലോകകേരള സഭയുടെ ഭാഗമായി അവതരിപ്പിച്ച സമീപന രേഖ. മൂന്നാം ലോക കേരള സഭയുടെ ആദ്യ ഔദ്യോഗിക സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനു വേണ്ടി വ്യവസായ മന്ത്രി പി. രാജീവാണ് സമീപന രേഖ അവതരിപ്പിച്ചത്. പ്രവാസി ക്ഷേമവും നാടിന്റെ വികസന പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നതിൽ ലോക കേരള സഭ ലക്ഷ്യം കണ്ടു. പ്രവാസികൾ ഉൾപ്പെടെയുള്ള മലയാളി സമൂഹത്തിൽ ജാതി, മത, വർഗ, രാഷ്ട്ര ഭേദമെന്യേയുള്ള കൂട്ടായ്മ രൂപപ്പെടുത്തുന്നതിൽ ലോക കേരള സഭ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പ്രളയം, കോവിഡ് തുടങ്ങി നാടിനെ പിടിച്ചുലച്ച സാഹചര്യങ്ങളിലെല്ലാം കേരളം ഇതിനു സാക്ഷ്യം വഹിച്ചതാണ്. യുക്രൈൻ യുദ്ധസമയത്ത് അതിർത്തി കടന്ന മലയാളി വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ എത്തിക്കാൻ ലോക കേരള സഭ അംഗങ്ങളുടെ ഇടപെടൽ നിർണായകമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2.3 ലക്ഷം കോടി രൂപയാണ് പ്രവാസികൾ കേരളത്തിലേക്ക് അയച്ചതെന്നും സമീപന രേഖ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. എന്നാൽ കോവിഡ് മഹാമാരി കാലത്ത് 17 ലക്ഷം പ്രവാസികൾ കേരളത്തിലേക്ക് തിരിച്ചെത്തിയിട്ടുണ്ട്.

രണ്ടാം ലോക കേരള സഭ സമ്മേളന നിർവഹണം, പ്രവാസത്തിന്റെ മാറുന്ന ഭൂപടം, പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും, പ്രവാസവും നാടിന്റെ വികസനവും, മൂന്നാം ലോക കേരള സഭയിൽ ചർച്ച ചെയ്യേണ്ട വിഷയ മേഖലകൾ തുടങ്ങി പ്രധാനപ്പെട്ട അഞ്ച് ഭാഗങ്ങളാണ് സമീപന രേഖയിൽ ഉൾക്കൊള്ളുന്നത്. ആദ്യ ലോക കേരള സഭയ്ക്ക് ശേഷം പ്രവാസികളുടെ നിക്ഷേപം നാടിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഓവർസീസ് കേരള ഇൻവെസ്റ്റ്മെന്റ് കേരള ഹോൾഡിംഗ് ലിമിറ്റഡ്, വിദേശത്ത് നിന്ന് തിരിച്ചെത്തിയ വനിതകളുടെ ഉന്നമനത്തിനും പ്രശ്ന പരിഹാരത്തിനായി ആരംഭിച്ച പ്രവാസി വനിതാ സെൽ, പ്രവാസി ഗവേഷക കേന്ദ്രം, സഹകരണ സംഘം എന്നിവ മികച്ച രീതിയിൽ മുന്നോട്ട് പോകുകയാണ്. ജർമനിയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ട്രിപ്പിൾ വിൻ കരാർ ഒപ്പുവെച്ചത് നേട്ടമാണ്. വിദഗ്ധ തൊഴിലാളികൾക്ക് ജർമനിയിൽ പ്രത്യേക സ്റ്റാറ്റസ് ഓഫ് റസിഡൻസ് ഒരുക്കുന്ന എസ്.എസ്.ഡബ്ല്യു പദ്ധതിക്ക് കേരളത്തിൽ നിന്നുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തത് നോർക്കയെയാണ്. കൂടാതെ മാലദ്വീപ്, സൗദി അറേബ്യ, യു.കെ തുടങ്ങിയ രാജ്യങ്ങളുമായി ആരോഗ്യ മേഖലയിലേക്കുള്ള റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള കരാറിലും ഒപ്പുവെച്ചു. രാജ്യത്ത് ഏകദേശം 1.8 കോടി ഇന്ത്യക്കാർ പ്രവാസികളാണ്. 2019ൽ ഇന്ത്യ പുറത്തിറക്കിയ പുതിയ കുടിയേറ്റ നിയമത്തിന്റെ കാർഡ് രൂപത്തിൽ പ്രവാസി എന്ന നിർവചനത്തിൽ പ്രവാസികളുടെ കുടുംബാംഗങ്ങളും വിദ്യാർത്ഥികളും ഉൾപ്പെടാത്തതും പ്രവാസികളുടെ പുനരധിവാസം പൂർണമായും സംസ്ഥാനങ്ങളുടെ ചുമതലയാണെന്നതുമുൾപ്പെടെ നിരവധി പോരായ്മകളുണ്ട്. ഇത് സംബന്ധിച്ച് ചർച്ച




കൾ ഉയർന്നുവരേണ്ടതുണ്ട്. പ്രവാസി ക്ഷേമത്തിനായി എംബസികളും കോൺസുലേറ്റുകളും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല. മുന്നറിയിപ്പില്ലാതെ ജോലിയിൽ നിന്ന് പിരിച്ചുവിടൽ, കുറഞ്ഞ വേതനം, ശമ്പളം നൽകാതിരിക്കൽ തുടങ്ങിയവ പ്രവാസികൾ അനുഭവിക്കുന്ന പ്രശനങ്ങളിൽ ചിലത് മാത്രമാണെന്ന് സമീപന രേഖയുടെ മൂന്നാം ഭാഗത്ത് വ്യക്തമാക്കുന്നു. പ്രവാസികളുടെ റിക്രൂട്ട്മെന്റ് മുതൽ മടങ്ങി വരുന്നവരുടെ പുനരധിവാസം വരെ ഉറപ്പാക്കുന്ന നോർക്ക റൂട്സിനു ആവശ്യമായ മാനവവിഭവ ശേഷി ഉറപ്പാക്കണം, ഇതിനായി കൃത്യമായ സ്റ്റാഫ് സ്ട്രക്ച്ചർ ഉറപ്പുവരുത്തി സ്ഥാപനത്തെ വിപുലീകരിക്കണം. വിദേശ രാജ്യങ്ങളിൽ വിദഗ്ധ തൊഴിലവസരങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ അതിനുതകുന്ന അന്തർദേശീയ നിലവാരത്തിലുള്ള നൈപുണ്യ വികസന സംവിധാനങ്ങൾ ആവിഷ്കരിക്കണം.

കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്ഘടനയാക്കി മാറ്റി നവകേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കേരള നോളേജ് ഇക്കണോമിക് മീസാൻ വഴി തൊഴിലുകൾ ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഉയർന്ന യോഗ്യതയും നൈപുണ്യവുമുള്ള തിരികെയെത്തിയ പ്രവാസികൾക്ക് ഇതുപകാരപ്പെടും. ലോകത്തെ മികച്ച സർവകലാശാലകളിലും ലബോറട്ടറികളിലും സേവനമനുഷ്ഠിക്കുന്ന മലയാളി ഗവേഷകരുടെയും വിദഗ്ധരുടെയും സേവനം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉപയോഗപ്പെടുത്താനാകുമെന്നും സമീപന രേഖയുടെ നാലാം ഭാഗം പ്രതിപാദിക്കുന്നു. സർക്കാർ സംവിധാനങ്ങളിൽ ലഭ്യമായിട്ടുള്ള സംഗീത, സാഹിത്യ, സിനിമാ ശേഖരത്തിൽ നിന്ന് പ്രതിഫലം ഈടാക്കി ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ സാധ്യതകളും സമീപന രേഖയിൽ വ്യക്തമാക്കുന്നു.

# ഓൺലൈൻ അദാലത്ത് നടത്തും: മന്ത്രി പി. രാജീവ്




പ്രവാസികളുടെ വ്യവസായ നിക്ഷേപ പരാതികൾ പരിഹരിക്കാൻ ഓൺലൈൻ അദാലത്ത് നടത്തുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. ലോക കേരള സഭയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളിൽ കാലഹരണപ്പെട്ട വ്യവസ്ഥകളും മാറ്റും. ഇതിനായി രൂപീകരിച്ച കമ്മിറ്റി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. കാലത്തിന് യോജിക്കാത്ത നിയമങ്ങൾ മാറ്റാനാണ് തീരുമാനം.

ലോക കേരള സഭയെ ദുർബലപ്പെടുത്താൻ പുറത്ത് പല പ്രചാര വേലകളും നടക്കുന്നുണ്ട്. എന്നാൽ മുഴുവൻ അംഗങ്ങളും കക്ഷി രാഷ്ട്രീയത്തിനതീതമായി മലയാളി എന്ന വികാരം ഉയർത്തിപ്പിടിച്ച് കേരളത്തിനും ലോകകേരള സഭയ്ക്കും വേണ്ടി നിലകൊണ്ടു. പ്രവാസി സമൂഹത്തിന്റെ നേർപരിഛേദമാണ് ലോകകേരള സഭയിലുള്ളത്. കേരളവും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള ബന്ധം ദുർബലപ്പെടുത്തുന്ന ഒരു നീക്കവും ഉണ്ടാകരുതെന്ന നിർദ്ദേശം ലോക കേരളസഭാ സമ്മേളനത്തിൽ ഉയർന്നു വന്നിരുന്നു.

ദുബായ് എക്സ്പോയിൽ പങ്കെടുക്കാൻ മുഖ്യമന്ത്രിക്കൊപ്പം എത്തിയപ്പോൾ ദുബായ് ഭരണാധികാരികളിൽ നിന്ന് ലഭിച്ച സ്വീകരണം വൈകാരികമായിരുന്നു. അത് മലയാളി പ്രവാസ സമൂഹത്തിനുള്ള അംഗീകാരമാണ്. ലോക കേരള സഭയിൽ ഒറ്റ പക്ഷമേ ഉള്ളെന്നും അത് കേരളത്തിന്റെ പക്ഷമാണെന്നും വ്യവസായ മന്ത്രി പറഞ്ഞു.

# ഉള്ളുപൊള്ളിക്കുന്ന അനുഭവങ്ങളുമായി എലിസബത്ത്



**കേ**ൾവിക്കാരുടെ ഉള്ളുപൊള്ളിക്കുന്ന ജീവിതാനുഭങ്ങളുമായി എലിസബത്ത് വേദിയിൽ എത്തിയപ്പോൾ മൂന്നാം ലോക കേരള സഭാംഘങ്ങളുടെ കണ്ണുകൾ നനഞ്ഞു.ഉന്നതർ മാത്രം വേദി പങ്കിടുന്നുവെന്ന തെറ്റിദ്ധാരണകൾ പാടേ പൊളിച്ചെഴുതിയാണ് ഒമാനിൽ വീട്ടുജോലി ചെയ്യുന്ന എലിസബത്തിന്റെ വാക്കുകൾ ലോക കേരള സഭയിൽ മുഴങ്ങിയത്.

30 വർഷത്തിലധികമായി വീട്ടുജോലി ചെയ്തുവരുന്ന എലിസബത്ത് ജോസഫ് നിർദേശങ്ങൾ പ്രസ്താവനകളായി പറയുന്നതിനേക്കാൾ പൊള്ളുന്ന അനുഭവങ്ങൾ മാത്രം പങ്കുവെക്കാനാണ് വേദി ഉപയോഗപ്പെടുത്തിയത്.

അത് മതിയായിരുന്നു ആ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ജീവിത പ്രയാസങ്ങൾ അടയാളപ്പെടുത്താൻ. ശമ്പളമില്ലാതെ ജോലി ചെയ്തതും നിയമങ്ങളിലെ അജ്ഞത മൂലം ജയിലിൽ കിടക്കേണ്ടി വന്നതുമെല്ലാം അവർ പറഞ്ഞത് വിതുമ്പലടക്കിയായിരുന്നു.

ലോക കേരള സഭ പോലൊരു വേദിയിൽ അവസരം നൽകിയതിൽ സന്തോഷം പ്രകടിപ്പിച്ചകൊണ്ടാണ് അവർ വാക്കുകൾക്ക് വിരാമമിട്ടത്. വേദിയിൽ നിന്നിറങ്ങിയ ഉടനെ മന്ത്രി വീണ ജോർജ്ജ് എലിസബത്തിനെ ചേർത്തു പിടിച്ചു.

# ആഗോളതലത്തിൽ കേരളത്തെ അടയാളപ്പെടുത്തുന്നതിൽ പ്രവാസികൾക്ക് വലിയ പങ്ക്: സ്പീക്കർ

**ആ**ഗോളതലത്തിൽ കേരളത്തെ അടയാളപ്പെടുത്തുന്നതിനും പ്രതിസന്ധി ഘട്ടങ്ങളിൽ സംസ്ഥാനത്തിന് എല്ലാ തരത്തിലുമുള്ള പിന്തുണ നൽകുന്നതിലും പ്രവാസികൾ നിസ്തുലമായ പങ്ക് വഹിച്ചുവെന്നു നിയമസഭാ സ്പീക്കർ എം.ബി. രാജേഷ് പറഞ്ഞു. മൂന്നാം ലോക കേരള സഭയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവാസികളിൽ നിന്ന് സംസ്ഥാനത്തിന് എന്ത് ലഭിക്കും എന്നതിലുപരി അവർക്കായി സംസ്ഥാനം ഏതെല്ലാം കാര്യങ്ങളിൽ ശ്രദ്ധ പുലർത്തണമെന്നതുകൂടിയാണ് ലോക കേരള സഭയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത്.

കോവിഡ് സാഹചര്യത്തിന് ശേഷം മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർധനയുണ്ടായി. നോർക്ക പോർട്ടലിൽ രേഖപ്പെടുത്തിയ കണക്കുകൾ പ്രകാരം 17 ലക്ഷം പ്രവാസികളാണ് തിരികെയെത്തിയത്. ഓരോ വർഷവും മടങ്ങിവരുന്നവരുടെ എണ്ണം കൂടിവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രവാസി പങ്കാളിത്തം കൂടി ഉറപ്പുവരുത്തികൊണ്ടുള്ള കേരളത്തിന്റെ സമഗ്ര വികസനത്തിന് ലോക കേരള സഭയ്ക്ക് വലിയ പങ്കാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. ഇത്തവണ 20 ശതമാനം സ്ത്രീപങ്കാളിത്തം



ഉറപ്പുവരുത്തിയാണ് മൂന്നാം ലോക കേരള സഭ സംഘടിപ്പിക്കുന്നത്. യുവതീ യുവാക്കൾക്കും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. നോർക്ക റൂട്സ് വൈസ് ചെയർമാൻ എം എ യൂസഫലി, നോർക്ക ഡയറക്ടർ എം അനിരുദ്ധൻ എന്നിവർ പ്രസംഗിച്ചു.

# സർക്കാർ സംവിധാനങ്ങളെ പ്രകീർത്തിച്ച് റസൂൽ പൂക്കുട്ടി



വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ജീവൻ പോലും നഷ്ടമാകാവുന്ന രോഗാവസ്ഥകളിൽ നിന്ന് ജീവൻ തിരിച്ചു പിടിക്കുന്നതിനും ജീവിതത്തിന്റെ പ്രധാന ഘട്ടങ്ങളിൽ പൂർണ പിന്തുണ നൽകിയത് സർക്കാർ സംവിധാനങ്ങളാണെന്ന് റസൂൽ പൂക്കുട്ടി. അതുകൊണ്ട് തന്നെ നിക്ഷേപം നടത്തുമ്പോൾ സ്വന്തം പേരിൽ തുടങ്ങി ലാഭമുണ്ടാക്കുന്നതിനേക്കാൾ അത് പൊതുജനങ്ങൾക്ക് വളരെയധികം ഗുണം നൽകാൻ കഴിയുന്ന സർക്കാർ മേഖലയ്ക്ക് സമർപ്പിക്കാനാണ് താലപര്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു.

അഞ്ചലിലെ ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടത്തിയ ശ്രമങ്ങളെ പരാമർശിച്ചാണ് ഇക്കാര്യം പറഞ്ഞത്. പുതു സാധ്യതകളിലേക്ക് യുവാക്കളെ സജ്ജമാക്കുന്നതിനു വിദ്യാഭ്യാസം, അറിവ് എന്നിവയ്ക്കൊപ്പം വിദഗ്ധ കഴിവുകൾ ഉണ്ടാകേണ്ടതും പ്രധാനമെന്നു ആസാദ് മൂപ്പൻ പറഞ്ഞു. തിരിച്ചെത്തുന്ന പ്രവാസികൾക്ക് പ്രത്യേക പ്രവാസി ഇൻഷുറൻസ് ഏർപ്പെടുത്തേണ്ടത് നിലവിലെ സാഹചര്യത്തിന്റെ ആവശ്യകതയാണ്. പങ്കാളിത്ത ഇൻഷുറൻസ് പദ്ധതി കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ശബ്ദമില്ലാത്ത, മുഖ്യധാരയിൽ നിന്ന് ഏറെ വിട്ടുനിൽക്കുന്ന പ്രവാസികളുടെ പ്രതിനിധിയായ എലിസബത്തിന്റെ വാക്കുകൾ ലോക കേരള സഭയിൽ മുഴങ്ങിയത് ഇതിന്റെ ജനാധിപത്യ സ്വഭാവത്തെയാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എങ്ങനെ അതിജീവിക്കാമെന്ന് നന്നായി അറിയുന്നവരാണ് മലയാളികൾ. പ്രവാസികൾക്കുള്ള നിക്ഷേപം പദ്ധതികൾക്ക് കൂടുതൽ ഊർജ്ജം പകരണമെന്നും സ്ഥിരവരുമാനം ഉറപ്പാക്കാൻ ഇതുവഴി സാധിക്കണമെന്നും ജെ.കെ. മേനോൻ പറഞ്ഞു. മലയാളികൾ മറ്റ് രാജ്യങ്ങളിലെ പൗരത്വം സ്വീകരിക്കുമ്പോൾ കേരളത്തിന് നഷ്ടമാകുന്നത് നല്ല മാനവ വിഭവ ശേഷിയെയാണ്. ഇത് നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ ആലോചിക്കണം.

ഗാർഹിക തൊഴിലാളികൾ മുതൽ ലോകപ്രശസ്തരായ വ്യവസായികൾ പോലും ഒരുമിക്കുന്നത് ലോക കേരള സഭയുടെ പ്രത്യേകതയാണെന്ന് കുവൈത്തിൽ നഴ്സായി ജോലി ചെയ്യുന്ന ഗീത കുമാരി അഭിപ്രായപ്പെട്ടു. ഏറെ കഴിവുകൾ ഉള്ളവരാണ് മലയാളികൾ. അതുകൊണ്ട് തന്നെ മിക്ക രാജ്യങ്ങളിലും മലയാളികളായ പ്രവാസികളുടെ സാന്നിധ്യമുണ്ട്. ഏത് രാജ്യത്തിരുന്നാലും കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാനും നിക്ഷേപം നടത്താനും ആഗ്രഹിക്കുന്നവരാണ് മലയാളി പ്രവാസികളെന്നു ഗോകുലം ഗോപാലൻ പറഞ്ഞു. മാറി വരുന്ന സർക്കാറുകൾ പ്രവാസികളെ അവഗണിച്ച സാഹചര്യത്തിന് വ്യത്യസ്തമായൊരു സാഹചര്യം വന്നത് ലോക കേരള സഭ നിലവിൽ വന്നതിന് ശേഷമാണെന്ന് അഷ്റഫ് താമരശ്ശേരി പറഞ്ഞു. യുദ്ധത്തിൽ നമ്മുടെ കുട്ടികളെ ഏറ്റവും സുരക്ഷിതമായി തിരിച്ചെത്തിക്കുവാൻ സഹായകമായത് ലോക കേരള സഭ അംഗങ്ങളുടെ സഹകരണം കൊണ്ട് കൂടിയാണ്.

രാഷ്ട്രീയത്തിനതീതമായ വേദിയാണ് ലോക കേരള സഭയെന്ന് ഒമാനിൽ നിന്നുള്ള രത്നകുമാർ പറഞ്ഞു. യുക്രൈൻ രക്ഷാ ദൗത്യത്തിൽ കൃത്യമായ ഏകോപനം നടത്താൻ ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

# പൂട്ടികിടക്കുന്ന സ്വകാര്യ വ്യവസായശാലകൾ ഓഹരി പങ്കാളിത്തത്തോടെ ഏറ്റെടുക്കാൻ തയ്യാറെന്ന് പ്രവാസികൾ

വർഷങ്ങളായി പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് പ്രവാസികൾ. ലോക കേരളസഭയുടെ ഭാവി, പ്രവാസം പുതിയ തൊഴിലിടങ്ങളും നൈപുണ്യ വികസനവും എന്ന സെഷനിലാണ് പ്രതിനിധികൾ ഈ നിർദ്ദേശം മുന്നോട്ട് വച്ചത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലോകത്ത് സംഭവിക്കുന്ന മാറ്റങ്ങളെ യഥാസമയം വിലയിരുത്തി മുന്നോട്ട് പോയാലേ ഭാവിയിലെ തൊഴിലവസരങ്ങൾക്ക് അനുസൃതമായി പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുള്ളു.

ഡിജിറ്റൽ, ഊർജ്ജമേഖലകളിലാണ് വരും വർഷങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുണ്ടാകുക. ലോകത്ത് തൊഴിൽ നഷ്ടപ്പെടുന്നതിനേക്കാളേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൃത്യമായ ആസൂത്രണത്തോടെ അവ കണ്ടെത്തി അതിനനുസരിച്ച് വിദ്യാർത്ഥികളെ പരിശീലിപ്പിക്കണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു. തൊഴിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻ കുട്ടി എന്നിവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്.

# അനുശോചനം



*മുൻ ധനകാര്യമന്ത്രിയും സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായിരുന്ന ടി. ശിവദാസ മേനോന് മുഖ്യ മന്ത്രി അന്ത്യാഭിവാദ്യം അർപ്പിക്കുന്നു.*

## ടി. ശിവദാസ മേനോൻ



**മു**ൻ ധനകാര്യമന്ത്രിയും സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായിരുന്ന ടി. ശിവദാസ മേനോന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ആശയത്തിലും സംഘടനാതലത്തിലും ഒരുപോലെ സജ്ജമാക്കി നിർത്തുന്നതിൽ അവിസ്മരണീയമായ സംഭാവനകൾ നൽകിയ വിപ്ലവകാരിയാണ് ടി.ശിവ ദാസ മേനോൻ.

സംഘടനാരംഗത്തും ഭരണരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശിവദാസ മേനോൻ മികച്ച വാഗ്മിയും മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന കമ്മ്യൂണിസ്റ്റുമായിരുന്നു. അധ്യാപക സംഘടനാരംഗത്തിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച ശിവദാസ മേനോന്റെ സംഘടനാപാടവം സി.പി.എം. സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗമെന്ന നിലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷത്തിനും മുതൽക്കൂട്ടായിരുന്നു. സ്വകാര്യ സ്കൂൾ അധ്യാപകരുടെ സംഘടനയായിരുന്ന കെ.പി.ടി.യു.വിന്റെ ഭാരവാഹിയായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം പിന്നീട് അധ്യാപക പ്രസ്ഥാനത്തിന്റെ സംസ്ഥാനത്തെ ഏറ്റവും ഉന്നത നേതാവായി മാറി. യാതനാപൂർവ്വമായ നിരവധി സമരങ്ങളിലൂടെ അധ്യാപക പ്രസ്ഥാനത്തെ സുശക്തമായ ഒന്നായി കെട്ടിപ്പടുക്കുന്നതിൽ ശിവദാസ മേനോൻ വഹിച്ച പങ്ക് ചരിത്രപരമായ പ്രാധാന്യമുള്ളതാണ്.

പ്രാസംഗികൻ, പാർലമെന്റേറിയൻ, ചരിത്ര ബോധമുള്ള രാഷ്ട്രീയ നേതാവ് എന്നിങ്ങനെ എല്ലാ മേഖലകളിലും ശിവദാസ മേനോൻ വ്യക്തിമുദ്ര പതിപ്പിച്ചു. സി.പി.എമ്മിനെതിരായ ഏതുവിധത്തിലുള്ള ആക്രമണങ്ങളെയും ചെറുക്കുന്നതിന് അദ്ദേഹം കാട്ടിയ ജാഗ്രതാപൂർണ്ണമായ നിലപാടുകൾ പുതിയ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ്. അടിയന്തരാവസ്ഥക്കാലത്തും പാർട്ടി പ്രതിസന്ധി നേരിട്ട ഇതര ചരിത്ര സന്ദർഭങ്ങളിലും അദ്ദേഹം ഒളിവിലും തെളിവിലും ജയിലിലുമൊക്കെ കഴിഞ്ഞ് പാർട്ടിയെ ശക്തിപ്പെടുത്തി. ജനകീയ പോരാട്ടങ്ങളുടെ മുൻപന്തിയിൽ എന്നും ത്യാഗപൂർവ്വമായി നിലകൊണ്ടു. അതിതീവ്ര ഇടതുപക്ഷ വ്യതിയാനങ്ങൾക്കും തീവ്ര വലതുപക്ഷ വ്യതിയാനങ്ങൾക്കുമെതിരെ മാർക്സിസം-ലെനിനിസത്തിന്റെ കൃത്യമായ സൈദ്ധാന്തിക നിലപാട് മുറുകെ പിടിച്ചുകൊണ്ട് അദ്ദേഹം പാർട്ടി കെട്ടിപ്പടുക്കുന്നതിൽ വ്യാപൃതനായി.

പ്രഗൽഭനായ നിയമസഭാ സാമാജികൻ, ഉയർന്ന കാര്യക്ഷമതയുള്ള മന്ത്രി എന്നീ നിലകളിലും ശിവദാസ മേനോൻ വ്യക്തിമുദ്ര പതിപ്പിച്ചു. അവസാനശ്വാസം വരെ കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച അദ്ദേഹവുമായുള്ള വ്യക്തി ബന്ധം സ്മരണീയമാണ്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മേഖലയ്ക്ക് തീരാനഷ്ടമാണ്.

ബന്ധുമിത്രാദികളുടെയും പാർട്ടിസഖാക്കളുടെയും നാടിന്റെയാകെയും ദുഃഖത്തിൽ പങ്കുചേരുന്നതായി മുഖ്യമന്ത്രി അറിയിച്ചു.

# ടി.ശിവദാസ മേനോന്റെ വിയോഗം തീരാനഷ്ടം: മന്ത്രി പി. രാജീവ്

**രാ**ഷ്ട്രീയ കേരളത്തെ സംബന്ധിച്ച് വലിയ നഷ്ട മാണ് ടി. ശിവദാസ മേനോന്റെ വിയോഗം എന്ന് സം സ്ഥാന വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. പാലക്കാട് ജില്ലയിൽ സി.പി.എമ്മിനെ ഇന്നത്തെ നിലയിലാക്കു ന്നതിൽ അസാമാന്യമായ സംഘടനാ പാടവമാണ് അദ്ദേഹം ജില്ലാ സെക്രട്ടറിയായിരുന്ന വേളയിൽ കാ ഴ്ചവച്ചത്. സമ്പന്ന കുടുംബത്തിൽ ജനിച്ചെങ്കിലും അതിന്റെ സുഖശീതളിമകളിൽ നിന്ന് പുറത്തുവന്ന് ജാതി-ജന്മിത്ത വ്യവസ്ഥകൾക്കെതിരായ പോരാട്ട ങ്ങൾക്ക് നേതൃത്വം നൽകാനാണ് അദ്ദേഹം തയ്യാറാ യത്. കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി പ ാർട്ടിയിലേക്ക് കടന്നുവന്ന സഖാവ് നടത്തിയ ഉജ്വലമാ യ സംഘടനാ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിലേ യും കേരളത്തിലേയും പ്രസ്ഥാനത്തിനാകെ നൽകിയ വിലപ്പെട്ട സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടും. സംസ്ഥാന കമ്മിറ്റി അംഗമായും സംസ്ഥാന സെക്രട്ടേ റിയറ്റ് അംഗമായും പ്രവർത്തിച്ചിരുന്ന സഖാവ് മന്ത്രി യെന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങളും മിക വുറ്റതായിരുന്നു. ഒരു ഭരണാധികാരി എന്ന നിലയിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണമാ ണ് കിഫ്ബി. കിഫ്ബി കേരളത്തിന് മുന്നിൽ അവതരി പ്പിച്ചത് സ. ശിവദാസമേനോൻ ആയിരുന്നു

അധ്യാപകനായും പ്രധാനാധ്യാപകനായും പ്രവർ ത്തിച്ചിട്ടുള്ള സഖാവിന്റെ പ്രസംഗം വിഷയവൈവിധ്യം കൊണ്ടും ആ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതി ലെ മികവ് കൊണ്ടും എന്നും കേൾവിക്കാരെ ആകർ ഷിച്ചിരുന്നു. സഭയ്ക്കുള്ളിൽ പോലും വിദ്യാർഥിക ളോടെന്ന പോലെ സരസമായി അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ പ്രതിപക്ഷത്തിന്റെ പോലും കയ്യടി നേ ടിയിരുന്നു. 1987ൽ ആദ്യമായി എം.എൽ.എ. ആയ വേ ളയിൽ തന്നെ മന്ത്രിയാവാനുള്ള ഉത്തരവാദിത്തവും പ ാർടി അദ്ദേഹത്തിന് നൽകി. രണ്ട് തവണ മന്ത്രിയായ സഖാവ് ധനകാര്യവകുപ്പ്, വൈദ്യുതി, ഗ്രാമവികസനം, എക്സൈസ് എന്നീ വകുപ്പുകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്തു. അദ്ദേഹത്തിന്റെ മരണത്തിൽ സ ഖാക്കളുടെയും ബന്ധുമിത്രാദികളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. ആദരാഞ്ജലികൾ.

## കൃഷ്ണകുമാർ കുന്നത്ത്



**മ**ലയാളിയും പ്രമുഖ ബോളിവുഡ് പിന്നണി ഗായ കനുമായ കെ.കെ (കൃഷ്ണകുമാർ കുന്നത്ത്) യുടെ വിയോഗത്തിൽ മന്ത്രി പി.രാജീവ് അനുശോചിച്ചു. മല യാളത്തിന് പുറമേ തമിഴ്, തെലുങ്ക്, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി ഭാഷകളിലും ഹിറ്റുകൾ സൃഷ്ടിച്ച പ്രതിഭയാണ് അകാലത്തിൽ പൊലിഞ്ഞതെന്ന് അദ്ദേഹം അനുസ്മരിച്ചു.

## ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി



മാധ്യമ പ്രവർത്തന രംഗത്തിനും സാഹിത്യരംഗത്തിനും ഗാനലോ കത്തിനും ഒരുപോലെ നഷ്ടമാണ് ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയു ടെ വേർപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. ജനങ്ങളുടെ മനസിൽ സ്ഥാനംപിടിച്ച നിരവധിഗാനങ്ങളിലൂടെയും ഭാവനാ പൂർണമായ ഒട്ടനവധി കവിതകളി ലൂടെയും മലയാളസാഹിത്യത്തിന്റെ സാംസ്കാരികഈടുവെപ്പിന്റെഭാഗമായികഴിഞ്ഞിട്ടുണ്ട്ചൊവ്വ ല്ലൂരിന്റെ സംഭാവനകൾ. കേരളത്തിന്റെ സാംസ്കാ രിക രംഗത്തിന് കനത്ത നഷ്ടമാണ് ചൊവ്വല്ലൂരിന്റെ വിയോഗം. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേ രുന്നതായി അനുശോചന സന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞു.


## സുമംഗലാദേവി

കയർഫെഡ് ജീവനക്കാരി സുമംഗലാദേവി അന്ത രിച്ചു. കയർഫെഡിന്റെ തിരുവനന്തപുരം ട്രിഡാ ഷോറൂമിലെ ജീവനക്കാരിയായിരുന്നു. കയർഫെഡ് മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും ആദരാഞ്ജ ലികൾ അർപ്പിക്കുന്നു.

## ജി. വാരിജാക്ഷൻ, എൻ. സുകുമാരൻ

ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ. റ്റി.യു) മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന ജി.വാ രിജാക്ഷൻ, വാഴമുട്ടം കയർ സമരത്തിന്റെ മുന്നണി പോരാളിയായിരുന്ന പാച്ചല്ലൂർ എൻ. സുകുമാരൻ എന്നിവരുടെ നിര്യാണത്തിൽ കയർഫെഡ് ചെയർമാനും ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു) ജനറൽ സെക്രട്ടറിയുമായ അഡ്വ. എൻ.സായികുമാർ അനു ശോചിച്ചു. ജി.വാരിജാക്ഷൻ സി.പി.എം. അഴൂർ മുൻ ലോക്കൽ കമ്മറ്റി അംഗം, പെരുങ്ങുഴി സർവ്വീസ് സഹ കരണ ബാങ്ക്, പെരുങ്ങുഴി കയർസംഘം എന്നിവയുടെ ഭരണസമിതി അംഗമായും പ്രവർത്തിച്ചരുന്നു. എൻ.സു കുമാരൻ കമ്മ്യൂണിസ്റ്റ് പാർട്ടി പാച്ചല്ലൂർ ബ്രാഞ്ച് സെകട്ടറിയും കയർ തൊഴിലാളി യൂണിയൻ പാച്ചല്ലൂർ യൂണിറ്റ് പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു.








Coirfed

The Kerala State Co-operative Coir Marketing Federation Ltd. No.679

PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013

E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-06-2022, June 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705